25 years

Kandanad

Diocesan

BULLETIN

A PUBLICATION OF THE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 6 No. 11, 15 November 2018

എഡിറ്റോറിയൽ

# അകം പൊരുളിലേക്ക് മടങ്ങാം

**ആ**ധുനിക ലോകക്രമത്തിന്റെ താളം നിയന്ത്രിക്കുന്നതിൽ സമൂഹമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. ഒരു പരിധിവരെ 'ആഗോളീകരണം' എന്ന സാമ്പത്തിക പ്രതിഭാസത്തെ നമ്മുടെ മുമ്പിൽ എത്തിക്കുന്നതിൽ മാദ്ധ്യമ വിചാരങ്ങളും ഇടപെടലും നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. മനുഷ്യന്റെ വിരൽത്തുമ്പിൽ എന്തും ഇന്ന് എത്തിച്ചേരുന്നു. ശാസ്ത്രവും വിജ്ഞാനവും ഇന്ന് ജനകീയമായി. ലോക കമ്പോളത്തിന്റെ അതിരുകൾ തമ്മിൽ നിലനിന്നിരുന്ന അകലം അപ്രത്യക്ഷമായി. സാങ്കേതികവിദ്യയുടെ വളർച്ച അനന്തമായ സാദ്ധ്യതകൾ തുറന്നു കഴിഞ്ഞു. പശ്ചാത്തല സാഹചര്യങ്ങൾ ഇങ്ങനെവികസിക്കുമ്പോഴും മനുഷ്യനെ ചരിത്രപരമായി നിലനിർത്തിയ സനാതനമായ മൂല്യങ്ങളും മനുഷ്യനിൽ എക്കാലവും നിലനിന്ന് വികസിക്കേണ്ട ധർമ്മവും, നീതിയും സ്നേഹവും ശാസ്ത്രംപോലെ തന്നെ വികാസം പ്രാപിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ലോകം ഈ നിലയിലൊക്കെ വികസിക്കുമ്പോഴും മത്സരാധിഷ്ഠിതമായ സാമൂഹ്യ പരിസരവും ലാഭക്കണ്ണോടെ എല്ലാറ്റിനെയും നോക്കിക്കാണുന്ന മൂല്യവ്യവസ്ഥിതിയുമാണ് സമൂഹത്തിന്റെ മൊത്തത്തിലുള്ള ദിശ നിയന്ത്രിക്കുന്നത് എന്നു കാണാൻ കഴിയും. സമൂഹത്തിന്റെ ധൈഷണികമായ മുന്നേറ്റം വ്യക്തികളുടെ ലോകം ചെറുതാക്കിക്കളയുന്നു എന്ന് വിലയിരുത്താൻ സാധിക്കും. ചുരുക്കത്തിൽ ആധുനിക ലോകക്രമത്തിൽ ആഗോളീകരണം വഴി ലോകം ഒരു കൊച്ചുഗ്രാമമായി ചുരുങ്ങുമ്പോൾ വ്യക്തികളും അവരവരിലേക്ക് തന്നെ ചുരുങ്ങിപ്പോകുന്നുണ്ടോ എന്നത് വിചിന്തനം ചെയ്യേണ്ടത് തന്നെയാണ്.

ആഗോളവൽക്കരണം ഇന്നും കാര്യമായ വിചിന്തനങ്ങൾക്ക് വിധേയമാകുന്നുണ്ട്. കാരണം, ലോകം ഇന്ന് അതിലാണ് ജീവിക്കുന്നത്. ഈയൊരു പ്രതിഭാസത്തിന്റെ പ്രത്യാഘാതങ്ങൾ വിവിധ നിലകളിൽ മനുഷ്യർ അനുഭവിക്കുന്നുണ്ട്. അതിലേറ്റവും പ്രധാനം വിപണിയുടെ ചാഞ്ചാട്ടവും സമ്പത്തിന്റെ രാഷ്ട്രീയത്തിൽ (political economy) വന്ന ഗൗരവമായ വ്യതിയാനവും ആണ്. വിപണിയുടെ നിലനിൽപ്പ് എക്കാലവും മത്സരത്തിൽ മാത്രമാണ്. തദ്ദേശിയവും അന്തർദേശീയവുമായ വിപണികൾക്ക് അതിന്റേതായ പ്രത്യേകതകളുമുണ്ട്. ഇവിടെ ഇന്ന് ആഗോളീകരണത്തിലൂടെ അതിരുകൾ അപ്രത്യക്ഷമായത് കമ്പോളത്തിന്റെ മാത്രമാണ്. അതുകൊണ്ട് മത്സരം ഒരു ഗ്രാമത്തിലോ, സംസ്ഥാനത്തോ, ഒരു രാജ്യത്തോ ഒതുങ്ങുന്നതല്ല. അത് ഇന്ന് വൻകിട രാജ്യങ്ങളുമായിട്ടുള്ള കിടമത്സരമായി മാറുന്നു എന്നതാണ് വസ്തുത. ആഗോളീകരണം വഴി സംജാതമായ ലോകക്രമം കമ്പോളത്തിന്റേതാണ്. കമ്പോളത്തിൽ നിലനിൽപ്പിനും ലാഭത്തിനുംവേണ്ടി നാം എന്തെല്ലാം പ്രയോഗിക്കുന്നുണ്ടോ അതെല്ലാം ഇന്ന് മനുഷ്യന്റെ മൂല്യവ്യവസ്ഥിതിയുടെ ഭാഗമായിത്തീർന്നു കഴിഞ്ഞു എന്നതാണ് ആഗോളീകരണം ഉയർത്തുന്ന ഏറ്റവും വലിയ വെല്ലുവിളി. ഇങ്ങനെ പറയുന്നത് വഴി ഈയൊരു സമസ്യയെ സാമാന്യവത്ക്കരിക്കുകയല്ല, മനുഷ്യന്റെ സമൂഹജീവിതത്തെ ഈ നൂറ്റാണ്ടിൽ മാറ്റിമറിച്ച പ്രതിഭാസത്തെ അടുത്തറിയാൻ ശ്രമിക്കുകയാണ്.

മനുഷ്യൻ ഇന്ന് ലാഭക്കൊതിയോടെ സമീപിക്കാത്ത ഏതൊരു സാമൂഹ്യബന്ധമാണ് നില

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**അകം പൊരുളിലേയ്ക്ക് മടങ്ങാം** ............... 1

**അപകടത്തിലേക്ക് നീങ്ങുന്ന ഉന്നത വിദ്യാഭ്യാസ മേഖല** ......................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**കുമ്പസാരം കൂദാശയാകുമ്പോൾ** ............. 6
ഫാ. എബ്രഹാം കാരാമ്മേൽ

**വിശ്വാസികൾ ക്രിസ്തുവിന്റെ അനുകാരികൾ** ............................................. 9
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വിത്ത്** ............................................................ 11
ജോയി മേക്കോട്ടിൽ

**ലഹരി യുവത്വം കവരുമ്പോൾ** .............. 12
മേരിക്കുട്ടി ജോയി, സന്തുല

**ദൈവം ഉണ്ടോ?** ......................................... 14
സ്വാമി ചൈതന്യ കീർത്തി

**വിശുദ്ധ റോമേരോ: നിലപാടുകളുടെ വിശുദ്ധൻ** ..................... 15
സ്വാമി ചൈതന്യ കീർത്തി


നിൽക്കുന്നത് എന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. നമ്മുടെ ഇന്നത്തെ സഭാ-മതജീവിതത്തെ ഒരു പരിശോധനയ്ക്ക് വിധേയമാക്കിയാൽ മനസ്സിലാകും ഇതൊക്കെ എത്രമാത്രം നമ്മെ സ്വാധീനിച്ചു കഴിഞ്ഞു എന്ന്. ആധിപത്യവും അടിച്ചമർത്തലും ഇന്നിന്റെ മുഖമുദ്രയാകുന്നുണ്ടെങ്കിൽ അതിന്റെ കാരണം നമ്മെ സാവധാനം ഗ്രസിച്ചിരിക്കുന്ന വിപണിമൂല്യങ്ങൾ തന്നെയാണ് എന്ന് തിരിച്ചറിയാൻ സാധിക്കും.

കമ്പോളത്തെ നിറച്ചാർത്തുകളോടെ അവതരിപ്പിക്കുന്നത് ദൃശ്യമാധ്യമങ്ങൾ ആണ്. അതുവഴി മാത്രമെ അതിന് പിടിച്ച് നിൽക്കാനും വളരാനും സാധിക്കുകയുള്ളൂ. ഇതിൽ ഇന്നത്തെ വിവിധ സാമൂഹ്യ മാധ്യമങ്ങളും ഉൾപ്പെടും. മതവും രാഷ്ട്രീയവും ഇന്ന് ഏത് വിധേനയും ദൃശ്യമായി ആവിഷ്കരിക്കാൻ ഇതുവഴി സാധിക്കുന്നു. ഇതെല്ലാം തെറ്റായ പ്രവർത്തനമാണെന്ന് പറയാൻ വേണ്ടിയല്ല ശ്രമിച്ചത്. മറിച്ച് മാധ്യമങ്ങൾ ഈ നിലയിൽ ആവിഷ്ക്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് എന്ത് ഉദ്ദേശ്യത്തോടെയാണ് എന്ന് പരിശോധിക്കപ്പെടണം.. പലപ്പോഴും ആധിപത്യവും അധീശത്വവും ആണ് ഇതിന്റെയൊക്കെ പിന്നിലെ താത്പര്യം. നാം ഇങ്ങനെയൊരു വിലയിരുത്തലിൽ എത്തിച്ചേരാൻ കാരണം സനാതനവും വിമോചനാത്മകവുമായ ഒന്നും, ഒരുവഴിയും പുറത്ത് വരുന്നില്ല എന്നതു തന്നെയാണ്. പുറംമോടിയിലാണ് നാം ഇന്ന് അഭിരമിക്കുന്നത്. അകംപൊരുളുകളെ ആരും ഗൗനിക്കുന്നില്ല.

ഈയൊരു പ്രത്യേക കാലഘട്ടത്തിൽ നാം ആരുടെ പക്ഷത്താണ് എന്ന ഗൗരവമായ ചോദ്യം ഉയർന്നുവരേണ്ടതുണ്ട്. നമുക്ക് പക്ഷമില്ല എന്ന് പറയുന്നതിലും വലിയ പക്ഷപാതപരമായ പ്രവർത്തനം മറ്റൊന്നില്ല. എവിടെയാണ് നാം നിലകൊള്ളേണ്ടത് എന്ന് നാം തീരുമാനിക്കേണ്ട ചരിത്ര സന്ധിയിൽ എത്തിക്കഴിഞ്ഞു. പൊതുമാധ്യമങ്ങളും വാർത്താമാധ്യമങ്ങളും വച്ചുനീട്ടുന്ന് അങ്ങനെതന്നെ വിഴുങ്ങിയും സമൂഹത്തെ പിന്നോട്ട് അടിക്കുന്ന വർഗീയ പിന്തിരിപ്പൻ ആശയങ്ങൾക്ക് കുടപിടിച്ചും നമുക്ക് മുന്നേറാൻ കഴിയില്ല. വിമോചനസരണിയുടെ നിലപാടുകൾ ഏറ്റെടുക്കാൻ കയ്യും , കാലും, കണ്ണും, ചെവിയും സജ്ജമാക്കി നാം മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

നാട്യങ്ങൾ ഇല്ലാത്ത ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് സഭകളിൽ നിന്ന് കാലഘട്ടം ആവശ്യപ്പെടുന്നത്. കമ്പോള മൂല്യങ്ങൾക്ക് ബദലായി വിമോചനമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സഭകളെയാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. അംബരചുംബികളായ ദേവാലയങ്ങൾ പണിതും നിറച്ചാർത്തുള്ള ഫ്ളക്സ് ബോർഡുകൾ അടിച്ച് പ്രചരിപ്പിച്ചും ആടയാഭരണങ്ങളിലും അധികാരത്തിലും വർണ്ണരാജിയിലും അഭിരമിച്ചും ജീവിക്കുന്ന സഭകളും മതങ്ങളും കമ്പോളത്തിന്റെ ബാക്കിപത്രം തന്നെയാണ്. കാലം ഇതിനെല്ലാം കരുതിവച്ചിരിക്കുന്നത് അതിന്റെ ചവറ്റുകൊട്ടയായിരിക്കും എന്ന് ഓർക്കുന്നത് നന്ന്.

ചീഫ് എഡിറ്റർ

മെത്രാപ്പോലീത്തായുടെ കത്ത്

# അപകടത്തിലേയ്ക്ക് നീങ്ങുന്ന ഉന്നത വിദ്യാഭ്യാസ മേഖല

കഴിഞ്ഞ 62 വർഷമായി ഇൻഡ്യയിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്തുണയും മേലന്വേഷണവും നടത്തിപ്പോരുന്ന സമിതിയാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ. ഇതിന്റെ പ്രവർത്തനങ്ങളും സംവിധാനങ്ങളും വിലയിരുത്തുവാനും ന്യൂനതകൾ പരിഹരിക്കുന്നതിനുമായി റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ സമയാസമയങ്ങളിൽ സമിതികളെ നിയോഗിച്ചിട്ടുണ്ട്. കൊത്താരി കമ്മീഷൻ (1964-'68), നാഷണൽ എഡ്യൂക്കേഷൻ പോളിസി (1986) ദി നാഷണൽ നോളഡ്ജ് കമ്മീഷൻ (2007) യശ്പാൽ കമ്മിറ്റി ഓൺ റിനൊവേഷൻ ഓഫ് എഡ്യുക്കേഷൻ (2009) എന്നിവ ഉദാഹരണങ്ങളാണ്. ഉപരി വിദ്യാഭ്യാസമണ്ഡലം കാലാനുസൃതമായി പരിഷ്ക്കരിക്കുവാനും, ന്യൂനതകൾ പരിഹരിക്കുവാനും, ഈ രംഗത്തെ വെല്ലുവിളികളും സാധ്യതകളും തിരിച്ചറിഞ്ഞ് അതിനെ മത്സരക്ഷമമാക്കുന്നതിനുമായിട്ടായിരുന്നു ഈ സമിതികൾ നിയോഗിക്കപ്പെട്ടത്. ഇവയെല്ലാം വിലപ്പെട്ട കണ്ടെത്തലുകളും നിർദ്ദേങ്ങളും സഹിതം റിപ്പോർട്ടുകൾ സർക്കാരിനു നൽകുകയും ചെയ്തു. അവയിലൊന്നുപോലും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലഹരണപ്പെട്ട ഒരു സ്ഥാപനമാണെന്നോ, അത് നിർത്തലാക്കണമെന്നോ സൂചിപ്പിക്കുകയുണ്ടായിട്ടില്ല. എന്നിട്ടും ഉന്നത വിദ്യാഭ്യാസം സ്വതന്ത്രവും കാലാനുസൃതവുമായി നിലനിർത്തുന്നതിൽ നേതൃത്വം നൽകി വരുന്ന യു.ജി.സി.യെ നിർത്തലാക്കുവാനുള്ള ശ്രമത്തിലാണ് ഇന്നത്തെ കേന്ദ്ര സർക്കാർ. ഇത് അപകടകരമായ നീക്കമായി കാണേണ്ടിയിരിക്കുന്നു.

നിലവിലിരിക്കുന്ന കേന്ദ്രഭരണകൂടം യു.ജി.സി. നിർത്തലാക്കി 'ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ' എന്ന പേരിൽ പുതിയ സംവിധാനം സൃഷ്ടിക്കുവാനുള്ള ശ്രമത്തിലാണ്. ഇത് ഇന്നത്തെ സംവിധാനത്തെ ഇല്ലായ്മ ചെയ്ത് ഇതുവരെ നിയോഗിക്കപ്പെട്ടിട്ടുള്ള സമിതികളുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും ശുപാർശകളും അവഗണിച്ച് പുതിയ ബില്ല് പാസാക്കുന്നതിനുള്ള നീക്കമാണ് എന്നതിൽ സംശയമില്ല. ഇപ്രകാരം നിലവിൽ വരുന്ന പുതിയ സംവിധാനം ഇന്നത്തേതിനേക്കാൾ മെച്ചപ്പെട്ടതായിരിക്കുമെന്ന് കരുതുവാൻ തരമില്ല. ഉന്നത വിദ്യാഭ്യാസരംഗത്തെ അക്കാദമിക-ഭരണസംവിധാനങ്ങളുടെ അഴിച്ചുപണിക്ക് ആവശ്യമായ ഒരുക്കങ്ങൾ ഒന്നും തന്നെ നടത്താതെയാണ് മാറ്റത്തിനുള്ള നീക്കം നടത്തിയിരിക്കുന്നത് എന്നതാണ് അത്ഭുതപ്പെടുത്തുന്ന കാര്യം. വിദ്യാഭ്യാസരംഗത്ത് സമഗ്രമായ അഴിച്ചുപണി നടത്തുന്നതിന് അവഗാഢമായ പഠനങ്ങളും ചർച്ചകളും അനുപേക്ഷണീയമാണെന്നിരിക്കെ, ആ രംഗത്തെ വിദഗ്ദ്ധരുമായി പോലും ആലോചിക്കാതെയാണ് നടപടികളുടെ തുടക്കം എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ആവശ്യമായ മുന്നൊരുക്കങ്ങൾ കൂടാതെയുള്ള ബിൽ രൂപീകരണം എത്രമാത്രം സമഗ്രവും അന്യൂനവും, പുരോഗമനാത്മകവും പ്രായോഗികവുമായിരിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസരംഗത്തെ താറുമാറാക്കുമെന്ന് വിവരമുള്ള അനേകർ ഭയപ്പെടുന്നു. അവരുടെ ആശങ്കകളും വിമർശനങ്ങളും ശ്രദ്ധിക്കുവാനുള്ള സന്മനസുപോലും സർക്കാർ പ്രകടമാക്കുന്നില്ല.

ഒരു വലിയ പരിധി വരെ യു.ജി.സി. രാഷ്ട്രീയ വിമുക്തമായിരുന്നു എന്നാണ് ചരിത്രം. അതിനെ സ്വതന്ത്രമാക്കി നിർത്തിക്കൊണ്ട് ബാഹ്യ ഇടപെടലുകൾ കുറച്ച്, വിദ്യാഭ്യാസരംഗത്തെ കൂടുതൽ ശക്തവും, സംശുദ്ധവും ആധുനികവും ആക്കണമെന്നു തന്നെയായിരുന്നു ഇതുവരെയുള്ള വിലയിരുത്തൽ-പരിഷ്ക്കരണ കമ്മിറ്റികളുടെയെല്ലാം താത്പര്യവും കാഴ്ചപ്പാടും. എന്നാൽ Higher Education and Research Bill വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് മാർഗ്ഗനിർദ്ദേശം നൽകേണ്ടതായ നിർദ്ദിഷ്ട ബില്ലിൻ പ്രകാരമുള്ള സംവിധാനത്തിലും പ്രവർത്തനത്തിലും സർക്കാരിന്റെ പ്രകടമായ ഇടപെടൽ - നിയന്ത്രണങ്ങൾ ഏറുമെന്നാണ് അഭിജ്ഞ മതം. ഉന്നത വിദ്യാഭ്യാസ രംഗം കൂടുതൽ സ്വതന്ത്രവും കാര്യക്ഷമവും ആകണമെങ്കിൽ സർക്കാർ- ബാഹ്യ ഇടപെടലുകൾ പരമാവധി കുറയണം എന്ന യശ്പാൽ കമ്മീഷന്റെ കണ്ടെത്തലിന് വിരുദ്ധമാണ് ഈ നീക്കം. അതായത് ഇതുവരെയുള്ള കമ്മീഷനുകളുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ശരിവച്ച്, കൂടുതൽ

ഫലപ്രദമായി അവയെ നടപ്പിലാക്കുകയല്ല; മറിച്ച് അവയെ തന്ത്രപൂർവ്വം അട്ടിമറിക്കുവാനുള്ള യത്നമാണിവിടെ നടക്കുന്നതെന്നു വ്യക്തം. തീർച്ചയായും ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശം (autonomy) നൽകണമെന്നത് ബില്ലിന്റെ ലക്ഷ്യമായി അതിന്റെ ആമുഖത്തിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും പുതിയ സംവിധാനത്തിന്റെ ഘടനയും പ്രവർത്തനക്രമീകരണങ്ങളും പഠിക്കുമ്പോൾ അതിന് കടകവിരുദ്ധമായ ലക്ഷ്യങ്ങളാണ് വെളിപ്പെട്ടുവരുന്നത്.

സർക്കാർ പ്രതിനിധികളുടെ കനത്ത സാന്നിദ്ധ്യമാണ് പുതിയ സംവിധാനത്തിൽ കാണുന്നത്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ സ്വച്ഛവും സ്വതന്ത്രവുമായ പ്രവർത്തനമല്ല ബില്ലു വഴി വിഭാവനം ചെയ്യുന്നത് എന്നു വ്യക്തമാണ്. സർക്കാരിന്റെ നയപരവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങൾ വിദ്യാഭ്യാസ മേഖലയിൽ യാഥാർത്ഥ്യമാക്കുവാൻ ഉന്നം വച്ചുള്ള ശ്രമമാണ് നടക്കുന്നത്. അതുകൊണ്ട് ആപേക്ഷികമായി ഈ രംഗത്തു നിലനിന്നിരുന്ന സ്വാതന്ത്ര്യം പോലും പുതിയ ബിൽ അംഗീകരിക്കപ്പെടുന്നതോടെ ഇല്ലാതാകുവാനാണ് സാധ്യത. കൂടാതെ, നാളിതുവരെ, കാലാകാലങ്ങളായി അധികാരത്തിൽ വന്ന ഭരണകൂടങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട എൻ.ഡി.എ. സർക്കാർ. ഭാരതീയ ജനതാപാർട്ടിക്ക് വ്യക്തമായ ഭൂരിപക്ഷവും നിയന്ത്രണശേഷിയും ഇന്നത്തെ സർക്കാരിൽ ഉണ്ട്. ആ പാർട്ടിയുടെ സാംസ്കാരിക-മത-സാമൂഹിക-രാഷ്ട്രീയ നയങ്ങളെ നിയന്ത്രിക്കുന്നത് ആർ.എസ്.എസ്., സംഘപരിവാർ സംഘടനകളാണ്. 'മതനിരപേക്ഷത' എന്ന ആശയം പോലും അവർക്ക് രുചിക്കില്ല. ഇൻഡ്യ ഹിന്ദുരാജ്യമാണെന്നാണ് പ്രചാരണം. സ്വാതന്ത്ര്യ സമരത്തിന്റെ സ്വാധീനത്തിൽ രൂപം കൊണ്ട ഇൻഡ്യൻ ദേശീയതയെ തിരസ്കരിച്ച് സവാർക്കരും ഗോൾവാക്കറും, ഹെഡ്ഗേവാറുമെല്ലാം ആശയരൂപത്തിലാക്കിയ ഹിന്ദു ദേശീയതയെ ഉയർത്തിക്കൊണ്ടുവരുന്നതിൽ കേന്ദ്രഭരണകൂടം ഏറെ ജാഗ്രത പുലർത്തുന്നു എന്നത് ഒരു രഹസ്യമല്ല. കാവി സംസ്കാരത്തിന് ഇൻഡ്യയെ ഒരു മതേതര രാഷ്ട്രമായി അംഗീകരിക്കുവാൻ എളുപ്പമല്ല. അതായത് ബി.ജെ.പി.ക്ക് മൃഗീയ ഭൂരിപക്ഷമുള്ള ഒരു മുന്നണി സംവിധാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഈ താത്പര്യം ഒഴിവാക്കുവാൻ അവർ ശ്രമിക്കുകയില്ല. വരും തലമുറയിലെ ചിന്താശേഷിയുള്ളവരുടെ ആശയലോകം ദിശ തിരിച്ചു വിടുവാനുള്ള ബി.ജെ.പി. യുടെ വിദ്യാഭ്യാസ രംഗത്തെ താത്പര്യകാരണമെന്തെന്ന് ആർക്കും മനസ്സിലാകുന്നതാണ്. അതായത് ഉന്നതവിദ്യാഭ്യാസരംഗത്ത് ബി.ജെ.പി. ക്ക് നേരിട്ട് ഇടപെടാൻ സാധ്യത നൽകുന്ന ക്രമീകരണം നടപ്പിലാക്കാനുള്ള ശ്രമം എൻ.ഡി.എ. സർക്കാർ നടത്തുന്നു എന്ന നിഗമനത്തിൽ ഏത്തിച്ചേരാവുന്നതാണ്. അതുകൊണ്ട് പുതിയ ബില്ലിന്റെ അവതരണോദ്ദേശ്യം സംശയദൃഷ്ട്യാ മാത്രമേ മതേതരചിന്തകർക്ക് വീക്ഷിക്കുവാനാവൂ. മിത്തുകളും, പുരാണങ്ങളും ചരിത്രമായും, ജ്യോതിഷവും വാസ്തുപഠനവും ശാസ്ത്രമായും കാണുന്നവരുടെ ഉന്നത വിദ്യാഭ്യാസരംഗത്തെ കൈകടത്തൽ ഗവേഷണ-ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലും നേട്ടമുണ്ടാക്കുമെന്നു തോന്നുന്നില്ല. ഈ ബിൽ പാസാകുന്നതോടെ ഇൻഡ്യയിലെ ഉന്നത വിദ്യാഭ്യാസമണ്ഡലം ആർജ്ജിക്കുകയും നിലനിർത്തുകയും ചെയ്തുപോന്ന സംസ്കാരവും, ശാസ്ത്രാഭിമുഖ്യവും, വിജ്ഞാനതൃഷ്ണയും അധോഗതിയിലേക്ക് തിരിയുമെന്നത് നിസ്തർക്കമാണ്.

എൻ.ഡി.എ. സർക്കാരിന്റെ മത-സംസ്ക്കാര നിലപാട് ഉന്നത വിദ്യാഭ്യാസരംഗത്ത് യാഥാർത്ഥ്യമാക്കുന്നതിനുള്ള സാധ്യത മാത്രമല്ല പ്രശ്നം. സർക്കാരിന്റെ ഇടപെടൽ തന്നെ ഉപരിവിദ്യാഭ്യാസ രംഗത്തിന്റെ autonomy-sb ബാധിക്കുന്നതാണ്. അക്കാദമിക രംഗത്തെ സ്വതന്ത്രമായ വികസനം വ്യക്തി-രാഷ്ട്രീയ ഇടപെടലുകളിലൂടെ പ്രതിസന്ധിയിലേക്കു വരും. അതുകൊണ്ട് നിർദ്ദിഷ്ട ബില്ല് ഉന്നതവിദ്യാഭ്യാസരംഗത്തുള്ള സുഗമമായ പ്രവർത്തനത്തെ ബാധിക്കും. ഏറെ ദോഷം വരുത്തിവയ്ക്കുകയും ചെയ്യും.

N.I.T. ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിനുള്ള ഫണ്ടിന്റെ വലിയ ഭാഗം അവ തന്നെ കണ്ടെത്തണമെന്ന കാഴ്ചപ്പാടാണ് ബില്ലിൽ പ്രകടമാകുന്നത്. ഇത് എങ്ങനെ സാധിക്കുമെന്ന് അന്വേഷിച്ചാൽ അതിൽ വലിയ പങ്ക് പഠനത്തിനെത്തുന്ന വിദ്യാർത്ഥികളിൽ നിന്ന് ശേഖരിക്കേണ്ടിവരുമെന്ന് അനുമാനിക്കേണ്ടിവരും. ഭാവിയിൽ ഉന്നത വിദ്യാഭ്യാസ മേഖല സമ്പന്നർക്കു മാത്രം പ്രവേശന-പഠനസാധ്യതകൾ ഉള്ള ഇടമായി മാറുമെന്നതിന്റെ സൂചനയാണിത്. സംവരണം നിർത്തി മെറിറ്റ് മാത്രം അടിസ്ഥാനമാക്കി പ്രവേശനം നൽകുന്നതിനെപ്പറ്റിയുള്ള പരാമർശങ്ങളും ബില്ലിലുണ്ട്. അതനുവർത്തിച്ചാൽ സാമ്പത്തിക പിന്നാക്കക്കാർക്കും, സാമൂഹ്യ-ജാതി വ്യവസ്ഥകളിൽ അധഃസ്ഥിതർക്കും ഉന്നത വിദ്യാഭ്യാസം ബാലികേറാമലയാകും. അതുപോലെ തന്നെ കോർപ്പ

റേറ്റുകളുടെ സഹായം ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുവദിക്കുകയായിരിക്കും സാമ്പത്തിക നിലനില്പിന് സർക്കാർ പരിഗണിക്കുന്നത്. അതോടെ കോർപ്പറേറ്റുകളുടെ നിയന്ത്രണം ഉപരി വിദ്യാഭ്യാസരംഗത്ത് മുറുകും. അങ്ങനെ ഉന്നത വിദ്യാഭ്യാസത്തിന്റെ ജനകീയ സ്വഭാവം പാടെ നഷ്ടപ്പെടുകയും ചെയ്യും.

സർക്കാരിൽ നിന്ന് ഈ രംഗത്തേക്കു ലഭിക്കാവുന്ന ഗ്രാന്റ് പോലും ഭരണകൂടത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക നയപരിപാടികളുമായി സങ്കരണം നടത്തുന്നതിന്റെ മാനദണ്ഡത്തിലായിരിക്കും. വാസ്തുപഠനവും, ജ്യോതിഷവും മറ്റും ശാസ്ത്ര വിഷയങ്ങളാക്കി അവയിലും ഉപരിപഠനകോഴ്സുകൾ ആരംഭിച്ച് പഠിതാക്കൾക്ക് സാമ്പത്തിക സഹായം നൽകുന്ന രീതി ഇപ്പോൾ തന്നെ ആരംഭിച്ചുകഴിഞ്ഞു എന്നോർക്കണം. ബിൽ നിയമമാകുന്നതോടെ ഇത്തരത്തിലുള്ള പരിഗണനകൾ സ്വതന്ത്ര-പുരോഗമനസ്വഭാവമുള്ള പഠന-ഗവേഷണ കേന്ദ്രങ്ങളെ എത്രമാത്രം ദോഷമായി ബാധിക്കും എന്ന് ഊഹിക്കുവാൻ കഴിയും. ഭരണകൂടത്തിന്റെ യാഥാസ്ഥിതിക-ജാതീയ അടിസ്ഥാനത്തിലുള്ള നയപരിപാടികൾ സർവ്വകലാശാലകളെ ബാധിക്കുകയും അവ ഫണ്ട് നൽകലിന്റെ മാനദണ്ഡം ആകുകയും ചെയ്താൽ സ്വതന്ത്ര-ശാസ്ത്രീയ-ഗവേഷണ പഠനങ്ങളുടെ അന്ത്യം കുറിക്കുകയായിരിക്കും ഫലം.

ബില്ലിന്റെ ആമുഖ (preamble)ത്തിൽ പഠന-ഗവേഷണ രംഗത്തെ ഏകതാനത (uniformity) യെപ്പറ്റി ഊന്നിപ്പറയുന്നുണ്ട്. സത്യത്തിൽ ഇൻഡ്യ പോലെ സാംസ്കാരിക-ഭാഷാ-മത-ചിന്താ ബഹുലത നിലവിലിരിക്കുന്ന നാട്ടിൽ പഠനരംഗത്തെ ഏകശിലാ സമീപനം (monolithic approach) അഭികാമ്യമായിരിക്കുകയില്ല. ഇവിടെ പഠനരംഗത്ത് വൈവിധ്യ(diversrity)വും, വഴക്ക(flexibility)വും നിലനിർത്തി അതിനെപരിപുഷ്ടമാക്കുകയാണ് വേണ്ടത്. ആർ.എസ്.എസ്., സംഘപരിവാർ സൈദ്ധാന്തീകരുടെ ആശയപ്രകാരമുള്ള ഏകതാനത വിദ്യാഭ്യാസ രംഗത്തു കൊണ്ടുവന്നാൽ അത് വീണ്ടും വിദ്യാഭ്യാസ രംഗത്തെ ശുഷ്ക്കമാക്കുവാനും പ്രതിസന്ധിയിലെത്തിക്കുവാനും മാത്രമേ സഹായിക്കൂ എന്ന് ഓർക്കേണ്ടതാണ്.

ഇൻഡ്യയിലെ ക്രൈസ്തവ സഭകൾ ഇവിടത്തെ വിദ്യാഭ്യാസ മേഖലയിൽ നിസ്തുല സംഭാവനകൾ നൽകിയിട്ടുള്ള സമൂഹങ്ങൾ ആണ്. കഴിഞ്ഞ കാലത്ത് അവയുടെ ശ്രദ്ധ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതിലായിരുന്നു. സെന്റ് സ്റ്റീഫൻസ്, സെന്റ് സേവിയേഴ്സ്, ലയോള, മദ്രാസ് ക്രിസ്റ്റ്യൻ മുതലായ കോളജുകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അതി പ്രശസ്തങ്ങളായിരുന്നു. ആ നിലയ്ക്ക് അവയുടെ സംഭാവനകൾ ഏറെ വിലപ്പെട്ടവയും നിസ്വാർത്ഥങ്ങളുമായിരുന്നു. രാജ്യത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് ഉയർന്നതലം സൃഷ്ടിച്ച് അവ ഇൻഡ്യൻ സമൂഹത്തിന് വെല്ലുവിളി ഉയർത്തി. എന്നാൽ ഇന്നാകട്ടെ സർക്കാരിന്റെ സാമ്പത്തിക ഉദാരവല്ക്കരണത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി വിദ്യാഭ്യാസത്തെ ധനസമ്പാദനത്തിനുള്ള എളുപ്പമാർഗ്ഗമാക്കുന്നതിലാണ് സഭകളുടെ താല്പര്യവും ശ്രദ്ധയും! ഇതു തികച്ചും ദുഃഖകരമാണ്.

മറ്റൊരു കാര്യം സഭകൾ ഇന്ന് വിദ്യാഭ്യാസരംഗത്തെ അവകാശ സ്വാതന്ത്ര്യങ്ങളെപ്പറ്റിയാണ് കൂടുതൽ അന്വേഷണവും ശാഠ്യവുമെല്ലാം പ്രകടമാക്കുന്നത് എന്നതാണ്. അതേ സമയം ഉന്നത വിദ്യാഭ്യാസരംഗത്ത് സൃഷ്ടിക്കപ്പെടുന്ന അരാജകത്വത്തെപ്പറ്റിയും ഭാവി പ്രതിസന്ധികളെക്കുറിച്ചും അന്വേഷിക്കുന്നതിൽ തികഞ്ഞ അനാസ്ഥ കാണിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാരിന്റെ മേൽപറഞ്ഞ കരടു ബില്ലിനെപ്പറ്റി സഭകൾ സമഗ്രവും കൃത്യവുമായ പഠനം ആരംഭിക്കേണ്ടതുണ്ട്. ക്രൈസ്തവ വിദ്യാഭ്യാസ ഏജൻസികൾ പ്രത്യേകം ശ്രദ്ധിക്കേണ്ട സാഹചര്യങ്ങൾ രൂപം കൊള്ളുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുന്ന പരീക്ഷണങ്ങളും നടപ്പിലാക്കാൻ ശ്രമിക്കുന്ന പദ്ധതികളും ചെറുക്കപ്പെടേണ്ടവയാണെന്ന വ്യാപകമായ അഭിപ്രായം ഉയരുമ്പോഴും ഇവിടത്തെ സഭകൾ മൗനം ദീക്ഷിക്കുകയാണ്. ഇതു കാണുമ്പോൾ പണസമ്പാദനവും അവകാശ സംരക്ഷണവുമാണ് അവരുടെ മുഖ്യ പരിഗണനകൾ എന്നു തോന്നിപ്പോകുന്നു. പുതിയ ബിൽ നിയമമായിത്തീരുമ്പോൾ ഉന്നതവിദ്യാഭ്യാസരംഗത്ത് സംഭവിക്കാനിടയുള്ള പ്രതിസന്ധിയെക്കുറിച്ചോ, ഗുണ-മൂല്യത്തകർച്ചകളെക്കുറിച്ചോ അവർക്ക് ആശങ്കയുള്ളതായി തോന്നുന്നില്ല. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി നിർദ്ദിഷ്ട ബില്ലിനെക്കുറിച്ച് സസൂക്ഷ്മം പഠിച്ച് ഫലപ്രദമായി പ്രതികരിക്കുവാൻ വേണ്ട പൗരബോധം ക്രിസ്തീയ സഭകൾ പ്രകടമാക്കട്ടെ എന്ന് ആശംസിക്കുന്നു.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ലേഖനം

# കുമ്പസാരം കൂദാശയാകുമ്പോൾ

ഫാ. എബ്രാഹാം കാരാമ്മേൽ

**ക്രൈ**സ്തവ സഭകൾ കൂദാശയായി കരുതുന്ന 'കുമ്പസാരം' ഇന്ന് പൊതുസമൂഹവും മാധ്യമങ്ങളും സജീവ ചർച്ചക്ക് വിഷയമാക്കിയിരിക്കുകയാണ്. കുമ്പസാരം എന്നതിന്റെ അർത്ഥം, സാംഗത്യം, പ്രയോഗം തുടങ്ങി നിരവധിയായ മാനങ്ങൾ ഇതിനോടകം ചർച്ച ചെയ്ത് കഴിഞ്ഞു. കാലാകാലങ്ങളായി അനുഷ്ഠിച്ചുവരുന്ന ഒരു കൂദാശ എന്ന നിലയിൽ ഇതിന്റെ അർത്ഥത്തെക്കുറിച്ച് ഒരു പൊതു ചർച്ച ഇതുവരെയും നടന്നിരുന്നില്ല. ഇന്ന് ഇത് ഒരു പൊതു ചർച്ച ആയപ്പോൾ ക്രൈസ്തവ വിശ്വാസികൾ അനുഷ്ഠിച്ച് വരുന്ന കുമ്പസാരം വ്യക്തിപരമായ ഒരു പരിശോധനയ്ക്ക് ഇടയാക്കി എന്നത് ഈയൊരു സംവാദത്തിന്റെ ഗുണഫലമായി വേണമെങ്കിൽ വിലയിരുത്താം. അതുകൊണ്ട് ഇന്ന് നടക്കുന്ന ചർച്ചകളുടെയും അതുവഴി ഉണ്ടായ അനുകൂലവും പ്രതികൂലവുമായ വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ കുമ്പസാരത്തെ ഒരു ചർച്ചയ്ക്ക് വിധേയമാക്കാൻ ശ്രമിക്കുകയാണ് ഇവിടെ.

കുമ്പസാരത്തെ സംബന്ധിച്ച് നിരവധി ചോദ്യങ്ങൾ ഈ ഒരു കാലഘട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അവയിൽ ചിലത് കുമ്പസാരം ഒരു കൂദാശയാണ്, അതിനെതിരെ സംസാരിക്കുന്നവർ സഭയുടെ ശത്രുക്കൾ ആണ്, കുമ്പസാരത്തിൽ ഒരു വിശ്വാസി വെളിപ്പെടുത്തുന്നത് രാജ്യത്തെ നിയമ വ്യവസ്ഥയ്ക്ക് വിധേയമാകേണ്ടതാണോ, അല്ലയോ? എന്നിങ്ങനെ പോകുന്നു ചർച്ചകളും ചോദ്യങ്ങളും. ഈ വിഷയവുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന മറ്റൊരു വിമർശനം കുമ്പസാരം വിശ്വാസികളുടെ മേൽ ആധിപത്യം സ്ഥാപിക്കാനുള്ള പുരോഹിത വർഗ്ഗത്തിന്റെ മർദ്ദനോപാധിയാണ്. ഈ നിരീക്ഷണങ്ങൾ എല്ലാം ഓരോ വീക്ഷണകോണുകളിൽ നിന്ന് കുമ്പസാസത്തെ വിലയിരുത്തുന്നവരിൽ നിന്ന് ഉയർന്നുവരുന്നതാണ്. വിശകലനം ചെയ്യുന്നവരെല്ലാം വേദശാസ്ത്ര അടിത്തറയിൽ നിന്ന് വിലയിരുത്തണം എന്ന ശാഠ്യം പിടിക്കാനും സാധിക്കില്ല. വേദശാസ്ത്രതത്വങ്ങൾ പറഞ്ഞാൽ നിലപാടുകൾ സാധൂകരിക്കപ്പെടും എന്നു പറയാനും സാധിക്കില്ല. വാക്കുകൾക്കും സംജ്ഞകൾക്കും അർത്ഥം കല്പിക്കാം. കുമ്പസാരത്തിന് അർത്ഥം കൊടുക്കുന്നത് അതിലൂടെ കടന്നുപോയി മനപരിവർത്തനത്തിലും രൂപാന്തരീകരണത്തിലും ജീവിക്കുന്ന വിശ്വാസികളും അവരുൾപ്പെടുന്ന സഭയുമാണ്. ഈ നിലയിൽ കുമ്പസാരത്തെ കാണുമ്പോൾ കാലാകാലങ്ങളായി അനുവർത്തിച്ചു വരുന്ന ഒരു മതകർമ്മം എന്നതിലുപരി ഇതിനെ കാലാനുസൃതമായി വ്യാഖ്യാനിക്കാൻ ശ്രമിക്കേണ്ടി വരും. അതിനു പകരം അനുഷ്ഠാനപരമായ അർത്ഥം കൊടുത്ത് മാത്രം ചിന്തിക്കുന്നത് ഈ ചർച്ചകൾക്ക് ഒന്നും ഉത്തരമാകുന്നില്ല.

### കുമ്പസാരവും കൗൺസെലിംഗും

കുമ്പസാരത്തെ കൗൺസെലിംഗുമായി ബന്ധപ്പെടുത്തി പല നിലയിൽ ചർച്ച ചെയ്യുന്നുണ്ട്. പ്രധാനമായും ഇതിന് കാരണം കൗൺസെലിംഗിന്റെ രീതി ഇതിൽ അവലംബിക്കുന്നു എന്നതാണ്. രണ്ടാമതായി മന:ശാസ്ത്രപഠനം കൂടുതൽ വികസിക്കുകയും കൗൺസെലിംഗ് ഏത് പ്രായത്തിലുമുള്ള മനുഷ്യർക്കും വളരെ ആവശ്യമാണ് എന്ന് പൊതുവിൽ ഉണ്ടായിരിക്കുന്ന തിരിച്ചറിവും മന:ശാസ്ത്രജ്ഞനോട് ചോദിക്കാനും ആവശ്യമെങ്കിൽ അവരുടെ സേവനം തേടാനും മടിയില്ലാത്ത ഒരു സാഹചര്യവും ഇന്ന് നിലവിലുണ്ട്. മുൻപ് പാപങ്ങളുടെ പട്ടികയിൽ പെടുത്തിയിരുന്ന പലതും ഇന്ന് രോഗങ്ങൾ ആണ് എന്ന് നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞു. വ്യക്തിത്വ വൈകല്യങ്ങൾ, വൈകാരിക മാറ്റങ്ങൾ, ജീവിതശൈലീരോഗങ്ങൾ എന്നുവേണ്ട എല്ലാംതന്നെ ഇന്ന് ശാസ്ത്രീയമായി വിശകലനത്തിന് വിധേയമാക്കാനും അവയ്ക്ക് ചികിത്സാവിധികൾ നിർദ്ദേശിക്കാനും കഴിയുന്നു. മനുഷ്യന്റെ ഓരോ പ്രവൃത്തികളും അവന്റെ വൈകാരിക ഘടനയുമായി ബന്ധമുള്ളതാണ് എന്ന് സംശയാതീതമായി തെളിഞ്ഞ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. ഈയൊരു പശ്ചാത്തലത്തിൽ പട്ടക്കാരന്റെ മുമ്പിലുള്ള കുമ്പസാരത്തിന് എന്ത് പ്രസക്തി എന്നത് സാമാന്യമായി ചോദിക്കാവുന്ന ചോദ്യമാണ്. എന്നാൽ ഈയൊരു പ്രക്രിയയിൽ കൗൺസെലിംഗ് നടക്കുന്നുണ്ട്. സാധാരണ മനഃശാസ്ത്ര ചികിത്സയിൽ മനുഷ്യൻ അവനിൽത്തന്നെ അനുരഞ്ജനം സാധ്യമാക്കി സൗഖ്യത്തിൽ എത്തുന്നു. കുമ്പസാരത്തിൽ അവനവനിൽ നടക്കുന്ന അനുരഞ്ജനം ദൈവവുമായുള്ള അനുരഞ്ജനത്തിന് കാരണമാകുന്നു ദൈവത്തെ ഇതിനിടയിൽ പ്രതിഷ്ഠിക്കുന്നില്ലെങ്കിലും ഇതിന് അനുസരണമായ വിചിന്തനങ്ങൾ മനഃശാസ്ത്രലോകത്ത് നടന്നുവരുന്നുണ്ട്.

പ്രശസ്ത മനഃശാസ്ത്രജ്ഞനായ ഫ്രോയിഡിന്റെ ചിന്താരീതിയിൽ സൗഖ്യം പുറമേനിന്നുള്ള ഇടപെടൽ വഴി മാത്രം സാധിക്കുന്നതാണ്. ഈയൊരു, തികച്ചും ശാസ്ത്രീയമായ മനഃശാസ്ത്ര ചികിത്സാരീതിക്ക് മറ്റൊരു ദർശനം നൽകിയത് ഫ്രോയിഡിന്റെ സമകാലീനനും സഹകാരിയുമായിരുന്ന കാൾ യുങ് (Karl Jung) ആണ്. മനഃശാസ്ത്ര ചികിത്സയിൽ മതത്തിന്റെ സ്ഥാനം തീർത്തും അവഗണിക്കുന്നതായിരുന്നു ഫ്രോയിഡിന്റെ നിലപാട് എങ്കിൽ യുങ് മതത്തിന്റെ സ്ഥാനത്തെ ഗൗരവമായി പരിഗണിക്കുകയാണ്. മനഃശാസ്ത്ര ചികിത്സയും മതവും എന്ന ആശയത്തെ Psycho-theraphy and Religion എന്ന തന്റെ പ്രബന്ധത്തിൽ വിശദമാക്കുന്നുണ്ട്. ലൂസി ബ്രക്ക്മാൻ ഇങ്ങനെ വിശദമാക്കുന്നു. jung, rather than freud provides a praradigm for a 'secular spirituality' flourishing within the psychotherapeutic frame-work. ഇങ്ങനെപറയുമ്പോൾ പാരമ്പര്യമായി നിലനിൽക്കുന്ന ആദ്ധ്യാത്മിക വിചാരധാരയുടെ തുടർച്ചയല്ല ഉദ്ദേശിച്ചത്. അതിലുപരി ഉള്ളങ്ങളെ കൂടുതൽ ഉൽക്കർഷാപൂർണ്ണമാക്കി പുതിയ ഒരു ഉന്മേഷവും ദർശനവും തങ്ങളെക്കുറിച്ചും, തങ്ങൾ ജീവിക്കുന്ന ലോകത്തെക്കുറിച്ചും സൃഷ്ടിച്ചെടുക്കുന്ന ഒരു നവീന ഇടപെടൽ ആയിട്ടാണ് മനഃശാസ്ത്ര ചികിത്സയെ യുങ് കാണുന്നത്. ഇതിന് അദ്ദേഹം 'Individation' എന്നു പറയുന്നു. ഇതുവഴി സമഗ്രസൗഖ്യത്തിലേക്ക് ഒരാൾക്ക് എത്തിച്ചേരാൻ കഴിയും എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. ആദ്ധ്യാത്മീകതയുടെ അവകാശികൾ എന്ന് പാരമ്പര്യമായി കരുതുന്ന മതത്തെ മുൻനിറുത്താതെ മനുഷ്യന്റെ മാനസിക ഘടനയ്ക്ക് ആദ്ധ്യാത്മികതയിലൂടെ പുതിയ നിർവ്വചനം നൽകി മനഃശാസ്ത്ര ചികിത്സയെ അവതരിപ്പിക്കുകയാണ് യുങ് ഇവിടെ ചെയ്യുന്നത്. ഇതിനായി മനഃശാസ്ത്ര ചികിത്സ തികച്ചും സത്യസന്ധമായ ഇടപെടലും പരസ്പര വിശ്വാസം സൃഷ്ടിച്ച് ധൈര്യമായ ഇടപെടലുകളിലേക്ക് നയിക്കലും ആയിരിക്കണം എന്ന് അദ്ദേഹം കരുതുന്നു.

**കുമ്പസാരമെന്ന കൂദാശ**

'കൂദാശ' എന്ന പൊതുശീർഷകത്തിൽ ആണ് കുമ്പസാരം കടന്നുവരുന്നത്. കൂദാശക്ക് പലതരം നിർവ്വചനങ്ങൾ നിലവിലുണ്ട്. ഏറ്റവും പ്രബലമായത് കൂദാശ എന്നാൽ "അപ്രത്യക്ഷങ്ങളായ നന്മകളുടെ പ്രത്യക്ഷമായ കർമ്മങ്ങൾ ആകുന്നു" എന്നാണ്. ഇത് കത്തോലിക്കാ സഭ നൽകുന്ന നിർവ്വചനം ആണെങ്കിലും ഇതൊക്കെതന്നെയാണ് ഇതര സഭകളും കൂദാശ എന്ന വാക്കിന് നൽകിപ്പോരുന്നത്. ഈ നിർവ്വചന പ്രകാരം കൂദാശ "കർമ്മവും" "അനുഷ്ഠാനവും" ആണ്. പൗരസ്ത്യ ദൈവശാസ്ത്രത്തിൽ കൂദാശ എന്നതിന് കൂടുതൽ ഹൃദയഹാരിയായ നിർവ്വചനം ആണ് ഉള്ളത്. കൂദാശ വിശുദ്ധവും രഹസ്യപൂർണ്ണവുമായ (Mysterion) ദൈവസാന്നിധ്യത്തിലേക്കുള്ള പ്രവേശനമാണ്. അതായത് ദൈവത്തിങ്കലേക്ക് മനുഷ്യർ നടത്തുന്ന തീർത്ഥയാത്രയാണ് കൂദാശകൾ. അതുകൊണ്ട് ഓർത്തഡോക്സ് പാരമ്പര്യത്തിൽ കൂദാശകളെ എണ്ണം പറഞ്ഞ് നിജപ്പെടുത്തുന്നില്ല. ഈ ദൈവീകബന്ധം ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഏതെല്ലാം നിലയിൽ സാധ്യമാണോ അതിനെയെല്ലാം കൂദാശ എന്ന് വിളിക്കാനാണ് ഓർത്തഡോക്സ് പാരമ്പര്യം ആഗ്രഹിക്കുന്നത്.

ഈനിലയിൽ കൂദാശയെ മനസ്സിലാക്കുമ്പോൾ കുമ്പസാരം ദൈവത്തിങ്കലേക്ക് മനുഷ്യർ നടത്തുന്ന നിലക്കാത്ത യാത്രയാണ്. അങ്ങനെ വരുമ്പോൾ ഇതിന് അനുഷ്ഠാനപരമായ ഒരു അർത്ഥം സാധ്യമല്ല. കുമ്പസാരം പൂർണ്ണമാകുന്നത് സ്വാതന്ത്ര്യബോധത്തിലും സ്നേഹത്തിലും ആണ്. അതായത് കുമ്പസാരം വിശ്വാസി ദൈവവുമായി നടത്തുന്ന ആത്മഭാഷണമാണ്. ഈ നിലയിലുള്ള ദൈവ-മനുഷ്യ ബന്ധത്തിൽ അന്തർലീനമായി ഒരു അധികാര ഘടനയില്ല. ഇവിടുത്തെ പ്രശ്നം ഈയൊരു ദൈവിക സാന്നിദ്ധ്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായിരിക്കുന്നത് വെറും ഒരു മനുഷ്യനാണ് എന്നതാണ്. കുറച്ചു കൂടി മതവൽക്കരിച്ചാൽ നിയോഗിതനാണ്, പട്ടക്കാരനാണ്. പാപമോചനം ഒരു അധികാര പ്രയോഗമാണെന്നും തങ്ങൾ കേൾക്കുന്നതിലൂടെയാണ് പാപമോചനം സാദ്ധ്യമാകുന്നത് എന്നും ഒരു വൈദികൻ ചിന്തിച്ചാൽ കുമ്പസാരത്തിലൂടെ നടക്കേണ്ടത് നടക്കാതെ പോകും. എന്നാൽ കുമ്പസാരിപ്പിക്കുന്നവരും കുമ്പസാരിക്കുന്നവരും ഒരേ നിലയിൽത്തന്നെ കുമ്പസാരിക്കുകയാണ് എന്ന് ചിന്തിക്കുകയും അങ്ങനെ അനുഭവിക്കുകയും ചെയ്യുമ്പോൾ മാത്രമേ കുമ്പസാരം സമ്പൂർണ്ണമാവുകയുള്ളൂ.

**കുമ്പസാരം സ്നേഹത്തിൽ നിന്ന് ഉയരുന്നു.**

കുമ്പസാരത്തിന് തികച്ചും അനുഷ്ഠാനപരമായ അർത്ഥം കൽപ്പിക്കുന്നത് ശരിയല്ല. കാരണം അനുഷ്ഠാനം എന്ന നിലയിലുള്ള നിയതമായ ചട്ടക്കൂട് കുമ്പസാരത്തിന് ഇല്ല. അത് എവിടെ വച്ചും, എപ്പോൾ വേണമെങ്കിലും ആകാം. ദൈവവുമായി ഒരു വിശ്വാസി നടത്തുന്ന ആത്മഭാഷണമാണ് കുമ്പസാരം എന്നാണല്ലോ നാം പറഞ്ഞ് വച്ചത്. അടിമ അധികാരിയുടെ അടുത്ത് നടത്തുന്ന യാചനയോ അധികാരിയുടെ അവന്റെ നേർക്കുള്ള

ആക്രോശങ്ങളോ അല്ല കുമ്പസാരത്തിന്റെ പരിസരം പ്രത്യുത, സ്നേഹവാനായ ദൈത്തിന്റെ സന്നിധിയിലേക്ക് വിശ്വാസിയുടെ പ്രവേശനം (entry) ആണ് അത്.

വൈദിക മതങ്ങളിൽ ഏറ്റവും സുപ്രധാനമാണ് അനുഷ്ഠാനങ്ങൾ. പ്രത്യേകമായി നിയോഗിക്കപ്പെട്ടവർ മതപരമായി അനുഷ്ഠിക്കുന്നതാണ് അനുഷ്ഠാനങ്ങൾ. ആരാധനാ മൂർത്തിയുടെ പ്രീതിക്കും വിശ്വാസിയുടെ ആത്മസംതൃപ്തിക്കും (അനുഗ്രഹത്തിനും) വേണ്ടിയാണ് മതപരമായ ഈ ചടങ്ങ് നിർവ്വഹിക്കുന്നത്. സാധാരണ ഗതിയിൽ ഒരു പരികർമ്മിക്കോ അനുഷ്ഠാനകനോ അനുഷ്ഠിക്കുക എന്ന നിയോഗം മാത്രമേയുള്ളൂ. അത് നിർവ്വഹിക്കുന്നതോടെ ആ ഒരു ഉദ്യമം പൂർത്തിയായി. എന്നാൽ കുമ്പസാരം അങ്ങനെയല്ല. (അനുഷ്ഠിക്കുന്ന വെറും ഒരു പരികർമ്മിയായി വൈദികർ പരിണമിച്ചത് കൊണ്ടുതന്നെയാണ് കുമ്പസാരം നിസ്സാരമായ ഒന്നായി മാറിപ്പോയത്). കുമ്പസാരിപ്പിക്കുന്ന വൈദികൻ ഒന്നും ഉരിയാടാതെ തന്റെ രണ്ട് ചെവികളും തുറന്ന് അവിടെ ഇരുന്ന് കൊടുത്താൽ അത് ക്രിസ്തുവിന്റെ കാതുകൾ ആകും എന്ന് പറയുന്നതാകും ശരി. ഇവിടെ ക്രിസ്തുവിൽ നിന്ന് പട്ടക്കാരനിലേക്കുള്ള ദൂരം കൂടുകയോ കുറയുകയോ അല്ല പൂജ്യംആയി മാറണം. ഇതാണ് ഇതിലെ ഏറ്റവും വലിയ വെല്ലുവിളി എന്ന് ഞാൻ കരുതുന്നു.

**കുമ്പസാരം ത്യാഗപൂർണ്ണമായ ഇടപെടൽ ആണ്**

കുമ്പസാരം വിശുദ്ധീകരണവും ക്രിസ്തുവിലേക്കുള്ള ഒരു വിശ്വാസിയുടെ ചവിട്ടു പടിയുമാണ്. അതുകൊണ്ട് കുമ്പസാരിക്കുന്നവരും കുമ്പസാരിപ്പിക്കുന്നവരും ഒരുപോലെ കാണേണ്ടത് ക്രിസ്തുവിനെത്തന്നെയാണ് പാപിനിയായ സ്ത്രീ ക്രിസ്തുവുമായി നടത്തുന്ന ഒരു രഹസ്യ കുമ്പസാരമുണ്ട് ബൈബിളിൽ. ക്രിസ്തു ഒരു പ്രതികരണവും നടത്താതെ തന്റെ മുൻപിൽ കല്ലുകളുമായി നിൽക്കുന്ന യഹൂദാ പ്രമാണിമാരോടും ജനക്കൂട്ടത്തോടും നിങ്ങളിൽ പാപം ഇല്ലാത്തവൻ ഇവളെ ആദ്യം കല്ലെറിയട്ടെ എന്നാണ് പറയുന്നത്. എല്ലാവരും കല്ലുകൾ താഴെയിട്ട് തിരികെപ്പോയി. അവളുടെ പാപബോധവും മാനസാന്തരവും അനേകരുടെ പാപബോധത്തിന് കാരണമായി. "മകളേ, നിന്റെ പാപങ്ങൾ മോചിച്ച് തന്നിരിക്കുന്നു മേലാൽ പാപം ചെയ്യരുത്" എന്ന് പറയുന്ന ക്രിസ്തു പാപിയായ ആ സ്ത്രീയോട് പ്രകടിപ്പിക്കുന്നത് അഗാധമായ സ്നേഹമാണ്. ക്രിസ്തുവിന്റേത് ത്യാഗപൂർണ്ണമായ ഇടപെടൽ ആണ്. ശരിക്കും തെറ്റിൽ ഉൾപ്പെട്ട് പാപം ചെയ്ത സ്ത്രീ. അങ്ങനെയുള്ളവരെ എങ്ങനെ ശിക്ഷിക്കണം എന്ന ന്യായപ്രമാണ കല്പന, കല്പന നടപ്പാക്കാൻ കല്ലുമായി നിൽക്കുന്ന മനുഷ്യർ ഇവരുടെ മദ്ധ്യത്തിൽ ക്രിസ്തു അവൾക്ക് അനുകൂലമായ നിലപാടെടുക്കുകയാണ്. എത്ര കുറവുണ്ടെങ്കിലും ഒറ്റയ്ക്കാണെങ്കിലും സ്ത്രീ ആണെങ്കിലും സ്ഥിതി അപകടകരമാണെങ്കിലും ക്രിസ്തുനിലപാട് മാറുന്നില്ല. അവർക്ക് വേണ്ടി അവളുടെ അനുതാപത്തിന് വേണ്ടി നിലപാട് എടുക്കുകയാണ്. ഇത്തരത്തിൽ പ്രകടമായ സ്നേഹത്തെ വിട്ട് പിരിയാൻ അവൾക്ക് പിന്നീട് മനസ്സ് വരുന്നില്ല. അതുകൊണ്ട് അത്യന്തം അപകടകരമായ കാൽവരിയാത്രയിലും ക്രൂശാരോഹണ സമയത്തും അവൾ ക്രിസ്തുവിനെ പിരിയുന്നില്ല. ഈയൊരു നിലയിൽ കുമ്പസാരം ത്യാഗപൂർണ്ണമായ സ്നേഹത്തിന്റെ പൂർത്തീകരണമാണ് എന്നത് ആർക്കും വിസ്മരിക്കാൻ സാധിക്കില്ല.

ഈയൊരു സംഭവം പലതും നമ്മെ പഠിപ്പിക്കുന്നുണ്ട്. അഗാധമായ സ്നേഹത്തിലേ കുമ്പസാരം നടക്കുന്നുള്ളൂ. അതുകൊണ്ട് തന്നെ ഇതൊരു കർമ്മം അല്ല. അധികാരം ഇതിൽ അന്തർലീനവുമായിട്ടില്ല. പിന്നെ എന്താണ് ഇതിനെ ഏകീകരിക്കുന്ന ഘടകം, അത് സ്നേഹമാണ്. കാരണം, സ്നേഹത്തിൽ മാത്രവും സ്നേഹത്തിലൂടെയുമാണ് പാപമോചനം സാധ്യമാകുന്നുള്ളൂ. (1 യോഹ. 4:7-11) മറ്റൊന്നുകൂടി ഈ സംഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. സ്നേഹത്തിന്റെ പാരസ്പര്യത. കുമ്പസാരത്തിൽ നാം ക്രിസ്തുവിനെ കണ്ടെത്തുന്നുണ്ടെങ്കിൽ കുമ്പസാരത്തിന് ശേഷം പാപമോചനം തന്ന ക്രിസ്തുവിനെ നമുക്ക് സ്നേഹിക്കാതിരിക്കാൻ തരമില്ല. ഈയൊരു പാരസ്പര്യത (reciprocity) വിസ്മരിക്കുന്നതുകൊണ്ടാണ് ഇന്നത്തെ കുമ്പസാരങ്ങൾ കുർബ്ബാന അനുഭവിക്കാനുള്ള ഒരു ചടങ്ങായിപ്പോയത്. തന്നോട് യേശു പ്രകടിപ്പിച്ച അഗാധമായ സ്നേഹം-അതും തികച്ചും അപകടകരമായ സാഹചര്യത്തിൽ-ഒട്ടും ചോർന്ന് പോകാതെ അവളും തിരികെ കൊടുക്കുകയാണ്. കുരിശിനോട് ചേർന്ന് നടന്ന് ക്രൂശാരോഹണം നേരിൽകണ്ട് കണ്ണീരണിഞ്ഞ് അവനോടൊപ്പം നിൽക്കുന്നു. ക്രിസ്തുവിൽ അവൾ അവളെത്തന്നെ കണ്ടെത്തുകയാണ്. ക്രിസ്തുവോ സത്യസന്ധമായ ഇടപെടലും പരസ്പര വിശ്വാസവും സൃഷ്ടിച്ച് ധൈര്യമായി ഇടപെടുകയാണ്. ഇതാണ് ക്രിസ്തുവിന്റെ കുമ്പസാരത്തിന്റെ അർത്ഥവും ശക്തിയും.

വേദവിചാരം

# വിശ്വാസികൾ ക്രിസ്തുവിന്റെ അനുകാരികൾ

വേദഭാഗം: 1 തെസലോനിക്യർ 1:6-8

ഡോ: തോമസ് അത്താനാസ്യോസ്

'വളരെ കഷ്ടതകൾ സഹിക്കേണ്ടിവന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ട് ഞങ്ങളേയും കർത്താവിനെയും അനുകരിക്കുന്നവരായിത്തീർന്നിരിക്കുന്നു. അങ്ങനെ നിങ്ങൾ മക്കദോന്യയിലും ആഖായയിലും വിശ്വസിക്കുന്നവരെല്ലാവർക്കും മാതൃകയായിത്തീർന്നു.'

യഥാർത്ഥ വിശ്വാസിയുടെ അടിസ്ഥാന സവിശേഷതയെന്തെന്ന് വി. പൗലോസ് ഇവിടെ വ്യക്തമാക്കുകയാണ്. യേശുവിന്റെ ഉപദേശങ്ങൾ ഉൾക്കൊള്ളുകയൊ, ചില പ്രമാണങ്ങൾ അംഗീകരിക്കുകയോ, പ്രത്യേക ആരാധനാരീതികൾ അനുവർത്തിക്കുകയൊ ആണ് ശരിയായ വിശ്വാസിയുടെ സവിശേഷതയെന്ന് അദ്ദേഹം കരുതുന്നില്ല. ക്രിസ്തുവിനെ അനുകരിക്കയാണ് വിശ്വാസിയുടെ ലക്ഷണവും വിശ്വാസത്തിന്റെ പൊരുളും എന്നാണ് പൗലോസിന്റെ നിലപാട്. ക്രിസ്തുശിഷ്യത്വമാണ് വിശ്വാസ ജീവിതം. ക്രിസ്ത്വാനുകരണമാണ് വിശ്വാസിയുടെ മൗലീക ലക്ഷണം.

തെസലോനിക്യർക്കുള്ള ഒന്നാമത്തെ കത്തിന്റെ പ്രാരംഭത്തിൽ അവിടത്തെ വിശ്വാസികളെ പൗലോസ് മുക്തകണ്ഠം പ്രശംസിക്കുന്നു. വിശ്വാസത്തിന്റെ പ്രവൃത്തി, സ്നേഹത്തിന്റെ അദ്ധ്വാനം, യേശുക്രിസ്തുവിലുള്ള അർപ്പണം, വചനത്തിലുള്ള പ്രത്യാശ എന്നിവയിലെല്ലാം ഉറ്റിരിക്കുന്നവരാണ് അവരെന്ന് അദ്ദേഹം അനുസ്മരിക്കുന്നു. അതുകൊണ്ട് അവരുടെ ജീവിതസാക്ഷ്യത്തെയും ദീപ്തമായ വിശ്വാസത്തെയും പ്രതി അദ്ദേഹം ദൈവത്തെ സ്തുതിക്കുന്നു. തുടർന്ന് അദ്ദേഹം പറയുകയാണ്, "നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ട് ഞങ്ങളെയും കർത്താവിനെയും അനുകരിക്കുന്നവരായിത്തീർന്നു. അങ്ങനെ നിങ്ങൾ മക്കദോന്യയിലും അഖായയിലും ഉള്ള വിശ്വാസികൾക്ക് മാതൃകയായിത്തീർന്നു."

ഇവിടെ തെസലോനിക്യായിലെ വിശ്വാസികൾ കർത്താവിനെയും അപ്പസ്തോലന്മാരെയും അനുകരിക്കുന്നു എന്ന് പൗലോസ് തിരിച്ചറിയുന്നു. അവർ ക്രിസ്തുശിഷ്യന്മാരായ അപ്പോസ്തലന്മാരെ മാതൃകയാക്കുമ്പോൾ യേശുക്രിസ്തുവിനെയാണ് അനുകരിക്കുന്നത്. അതായത് അപ്പോസ്തലന്മാരുടെ ജീവിതം ക്രിസ്തുവിന്റേതിന് സമാനമാണ്. അതുകൊണ്ട് അവരെ അനുകരിക്കുമ്പോൾ അവർ നേരിട്ടു കാണാത്ത ക്രിസ്തുവിനെത്തന്നെയാണ് അനുകരിക്കുന്നതെന്ന് സാരം. ക്രൈസ്തവ ശുശ്രൂഷകരും വിശ്വാസികളും ശിഷ്യത്വം തങ്ങളിൽ പ്രകടമാക്കുമ്പോൾ ആണ് വരും തലമുറക്കാർക്ക് ക്രിസ്ത്വാനുകരണവും വിശ്വാസ ജീവിതവും സാധ്യമാകുന്നത്. ഈ പരാമർശം ക്രൈസ്തവ നേതാക്കൾക്കും വിശ്വാസികൾക്കും വലിയ വെല്ലുവിളയാണ് ഉയർത്തുന്നത്.

'അനുകരിക്കുക' എന്ന വാക്ക് ഒരു പ്രത്യേക അർത്ഥത്തിലാണ് പൗലോസ് ഉപയോഗിക്കുന്നത്. ഇതൊരു അക്ഷരാർത്ഥത്തിലുള്ള പുനരാവതരണമൊ, 'മിമിക്രി'യൊ അല്ല. അടിസ്ഥാനപരമായി ഒന്നു മാത്രമാണ് ശരി, അഥവാ സത്യം എന്നു തിരിച്ചറിഞ്ഞ് അതുമായി ജീവിതത്തിൽ താദാത്മ്യപ്പെടുകയാണ് അനുകരണം. അതായത് സ്വന്തം ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകുന്നത് എന്താണ് എന്നു ഗ്രഹിച്ച് അതിനു സമാനപ്പെടുകയാണ് അനുകരണം എന്നു പറയാം. പൗലോസിന്റെ ലേഖനങ്ങളിൽ പലയിടത്തും ഈ പദം പ്രയോഗിച്ചിട്ടുണ്ട്. 1 കോറി. 4 : 10, 11 :1, ഫിലിപ്പ്യർ 3 :17, 2 തെസ്സ, 3 : 29 എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്. ഇവിടെയൊക്കെ അനുകരിക്കുന്ന വ്യക്തി അനുകരിക്കപ്പെടുന്ന ക്രിസ്തുവുമായി ജീവിതരീതിയിലും ശൈലിയിലും സമാനതയിലെത്തിയാണ് വിശ്വാസിയായി ഭവിക്കുന്നത്. അതായത് ക്രിസ്തുവിന്റെ ജീവിതത്തിന് സമാനമായ വ്യക്തിയുടെ സ്വഭാവ പരിണാമമാണ് അയാളെ വിശ്വാസിയാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ക്രിസ്തു സ്വജീവിതത്തിൽ പ്രതിഫലിക്കാതെ ഒരുവന് ക്രിസതു വിശ്വാസി ആകുവാൻ സാധ്യമല്ല.

ഇത് പ്രവൃത്തിയിലും സമീപനത്തിലും മാത്രമുള്ള ബാഹ്യമായ രൂപാന്തരപ്പെടലല്ല. വ്യക്തിയുടെ ക്രിസ്തുവിലും, ക്രിസ്തുജീവിതത്തിനു സമാനമായും ഉള്ള ഉടച്ചുവാർക്കൽ (remoulding) ആണ്. അതുകൊണ്ടാണ് ഇതിന് വീണ്ടും ജനനം (rebirth) എന്ന പദവും സമാനമായി ഉപയോഗിക്കുന്നത്. ഇവിടെ ആദ്യമുള്ള വ്യക്തിത്വം തകർക്കപ്പെടുകയും അത്തരത്തിലുള്ള നിലനില്പ് നഷ്ടമാവുകയും, ക്രിസ്തുവിന്റെ ആളത്തത്തിനു സമാനമായി വ്യക്തി പുനർ രൂപപ്പെടുകയുമാകുന്നു. ഇതോടെ ആദ്യമനുഷ്യന്റെ അവശേഷിപ്പ് നഷ്ടമാവുകയും ക്രിസ്തുവിൽ പൂർണ്ണമായും നവീകൃതമായ വ്യക്തിത്വം

പുനർജനിക്കുകയുമാണ് ചെയ്യുന്നത്. ഇത് വ്യക്തിപരമായി മനുഷ്യന്റെ ഇച്ഛാശക്തിയുടെ ഫലമായി മാത്രം നടക്കുന്ന ഒരു താദാത്മികരണ പ്രക്രിയയല്ല. തകർന്ന വ്യക്തിത്വം ക്രിസ്തുവിന് അടിയറവച്ച് ക്രിസ്തുരൂപ പ്രകാരം പുനർസൃഷ്ടിക്കുന്നതിന് പരിശുദ്ധആത്മാവിനെ അനുവദിക്കുകയാണ്. ഇവിടെ സ്വയം ക്രിസ്തുവിന് വിട്ടുകൊടുക്കുന്ന മനുഷ്യനെ ക്രിസ്തു സാദൃശ്യത്തിൽ പരിശുദ്ധാത്മാവ് പുനർ നിർമ്മിക്കുകയാണ്. അതോടെ ക്രിസ്തുവും ആ വ്യക്തിയും പരിശുദ്ധാത്മാവിൽ രൂപ പ്രതിരൂപ (iconic) ബന്ധത്തിലേക്കു മാറുകയാണ്. ക്രിസ്തു വ്യക്തിയുടെ അളത്തകേന്ദ്രമാവുകയും ക്രിസ്തുവിന്റെ ആളത്തം വ്യക്തിയിൽ ആധിപത്യം സൃഷ്ടിക്കുകയുമാണ്. സ്വയം നിഷേധത്തിലൂടെയും, ക്രിസ്തുവിനായുള്ള ഒരുവന്റെ സമർപ്പണം വഴിയായും, പരിശുദ്ധാത്മാവിൽ ക്രിസ്തുവിന്റെ ഇച്ഛക്കു വിധേയപ്പെടുകയും ക്രിസ്തു ജീവിതത്തിന് സമാനമായി വ്യക്തി പുനർരൂപപ്പെടുകയുമാണ് ഇതുമൂലം യാഥാർത്ഥ്യമാകുന്നത്.

അപ്പോസ്തലന്മാർ ഈ പ്രക്രിയയ്ക്ക് വിധേയരായവരാണ്. ക്രിസ്തുവിന്റെ സാന്നിധ്യവും സ്വാധീനവും വ്യക്തിയിൽ പൂർണ്ണമാകുമ്പോഴാണ് അയാൾ ക്രിസ്തുശിഷ്യനായിത്തീരുന്നത്. അതുകൊണ്ട് കർത്താവിന് അനുരൂപരാകുവാൻ ശിഷ്യരായ തങ്ങളെ അനുകരിക്കുന്നതിലൂടെ സാധ്യമാകുമെന്ന് പൗലോസ് ഇവിടെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിന്റെ സാന്നിധ്യവും സ്വാധീനവും വിശ്വാസിയിൽ പൂർണ്ണതയിലെത്തുമ്പോൾ അയാൾ ക്രിസ്തു ശിഷ്യനായിത്തീരുന്നു. അതോടെ അനുരൂപപ്പെടൽ യാഥാർത്ഥ്യാമാവുകയും ചെയ്യുന്നു. അതുകൊണ്ട് ഈ രൂപപ്പെടൽ ദൃശ്യരായ ക്രിസ്തു ശിഷ്യന്മാരെ അനുകരിക്കുക വഴി സംഭവിക്കുകയാണ്. തങ്ങൾക്ക് അനുരൂപപ്പെട്ടതു വഴി തെസലോനിക്യയിലെ വിശ്വാസികൾ കർത്താവിനെയാണ് അനുകരിച്ചതെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. 'ഞങ്ങൾ ക്രിസ്തുവിന് അനുരൂപപ്പെട്ട പ്രകാരം നിങ്ങൾ ഞങ്ങളെ അനുകരിച്ച് ക്രിസ്തുവിന് അനുരൂപരായിരിക്കുന്നു' എന്ന തിരുവചനം ക്രിസ്തു സഭാ ശുശ്രൂഷകർക്കും വിശ്വാസികൾക്കും വി. പൗലോസ് ഉയർത്തിയിരിക്കുന്ന വെല്ലുവിളിയായി നാം മനസ്സിലാക്കേണ്ടതുണ്ട്.

സ്വയം നിഷേധവും ക്രിസ്തുവിൽ ഉടച്ചുവാർക്കലും ഏറെ വേദനയും നഷ്ടവും പ്രതിസന്ധിയും ഉൾക്കൊള്ളുന്ന പ്രക്രിയയാണ്. തങ്ങളുടെ സഹജമായ സകല സ്വഭാവ-സ്വത്വ സവിശേഷതകളും നിരാകരിച്ച്, തകർച്ചയ്ക്ക് വിധേയമായി സ്വയം ഇല്ലാതായി ക്രിസ്തുസ്വഭാവപ്രകാരം പുനർ സൃഷ്ടിക്കപ്പെടുന്നത് പീഡാനുഭവമാണ് അതുകൊണ്ടാണ് മൗലികമായ ഈ മാറ്റത്തിനും പുനർ രൂപപ്പെടലിനും പലർക്കും കഴിയാതെ വരുന്നത്. ഇതിൽ ആനന്ദം കണ്ടെത്താൻ സാധിക്കുക പരിശുദ്ധാരൂപിയുടെ സ്വാധീനത്തിലും പ്രേരണയിലും മാത്രമാണ്. ക്രിസ്തു തന്റെ പിതാവിന്റെ ഇച്ഛയ്ക്ക് വിധേയനായി പീഡനവും സഹനവും ക്രൂശ്മരണവും ഏറ്റെടുക്കത്തക്കവിധം ഉൾക്കരുത്താർജ്ജിച്ച് രൂപപ്പെട്ടത് പരിശുദ്ധാത്മ പ്രേരണയിൽ സഹനത്തെ ആനന്ദഭാവാമാക്കി തീർത്തുകൊണ്ടായിരുന്നു. ഇതേ വിധമാണ് ഒരു വിശ്വാസിയുടെ രൂപപ്പെടൽ പ്രക്രിയയും. ഈ രൂപപ്പെടൽ തന്നെയാണ് വചനത്തിന്റെ സ്വീകരണം എന്നു പറയുന്നതും. വചനത്തിന്റെ സ്വീകരണം യഥാർത്ഥത്തിൽ ആത്മീയ രൂപപ്പെടലും പുനർജ്ജന്മവും തന്നെ.

ഈ ആത്മീയ പരിവർത്തനം നേടാത്ത സഭാപ്രവർത്തകരും വിശ്വാസികളും പുനർജനനം അനുഭവിക്കുന്നില്ല. അത്തരക്കാരുടെ ജീവിതത്തിന് സാക്ഷ്യമില്ല. അവർ വിശ്വാസ ജീവിതത്തിന് മാതൃകയുമല്ല. അവർ സഭയിലെ നേതാക്കന്മാരായിരിക്കാം. അക്കൂട്ടരാണ് സഭയെ സമുദായവും മതവുമാക്കിത്തീർക്കുന്നത്. അവർ സഭയുടെ മേൽത്തട്ടു മുതൽ അടിത്തട്ടുവരെയുണ്ട്. അവർക്ക് ക്രിസ്തുവിന്റെ സാക്ഷികളാകാനോ, ക്രിസ്തുനിയോഗം യാഥാർത്ഥ്യമാക്കുവാനോ സാധ്യമല്ല. അവർക്ക് പ്രധാനം സ്വന്തം താത്പര്യങ്ങളും സാമുദായിക ലക്ഷ്യങ്ങളുമാണ്; ക്രിസ്തുനിയോഗം അവരിലില്ല.

എന്നാൽ തെസലോനോക്യർ അത്തരക്കാരല്ല. അവിടത്തെ വിശ്വാസികൾ ഉടച്ചുവാർക്കപ്പെട്ടവരും അതിൽ സന്തോഷം കണ്ടെത്തിയവരും ക്രിസ്തു ബന്ധത്തിൽ നിലനില്ക്കുന്നവരുമാണ്. ഇവിടെ വിശ്വാസജീവിതം വികാരപരമൊ ഭൗതിക ജ്ഞാനത്തിന് അനുസൃതമോ, യുക്ത്യാധിഷ്ഠിതമൊ, അനുഷ്ഠാന പ്രധാനമൊ അല്ല. മറിച്ച് ക്രിസ്തുവിലുള്ള പുനർസൃഷ്ടി പ്രകാരമുള്ള ജീവിതമാണ്. അതിനെക്കുറിച്ചാണ് 7-ാം വാക്യത്തിൽ പൗലോസ് റോമൻ സാമ്രാജ്യത്തിലെ ആഖായ, മക്കദോനിയ പ്രവശ്യകളിലെ വിശ്വാസികൾക്ക് തെസലോനിക്യയിലെ ക്രിസ്ത്യാനികൾ വിശ്വാസാനുഭവത്തിന്റെയും സഭാജീവിതത്തിന്റെയും ക്രിസ്തുശിഷ്യത്വത്തിന്റെയും ഉത്തമമാതൃകയാണെന്ന് പറയുന്നത്.

ദൈവതാത്പര്യവും ക്രിസ്തുനിയോഗവും മറന്ന് സഭാ നേതാക്കളും പ്രവർത്തകരും ഭരണത്തിലും അധികാര പ്രയോഗത്തിലും ഹരം കൊള്ളുകയും വിശ്വാസികൾ അതിനെ അംഗീകരിക്കുകയും പിന്തുണക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ വി. പൗലോസിന്റെ മേലുദ്ധരിക്കപ്പെട്ട വാക്കുകളിൽ അവരുടെ ശ്രദ്ധ പതിയുവാനിടവരട്ടെ.

***ചിന്ത***

# വിത്ത്

വചനം-വി. മത്തായി 13:8

**ജോയി മേക്കോട്ടിൽ**

ഒരു കർഷകന് രണ്ട് കുടങ്ങളുണ്ടായിരുന്നു. ഒന്ന് ഒരു ചിന്നിയ കുടവും, മറ്റേത് ഒരു പൂർണ്ണ കുംഭവും. കർഷകൻ തോളിൽ ചേർത്തുവച്ച മുളന്തണ്ടിന്റെ ഇരുവശങ്ങളിലുമായി അവയെ തൂക്കി എന്നും പുഴയിൽ നിന്നും തന്റെ കൃഷിയിടത്തിലേയ്ക്ക് വെള്ളം കോരിക്കൊണ്ടുവന്നിരുന്നു ചിന്നിയ കുടത്തിലെ വെള്ളം വയലിലെത്തുമ്പോഴേയ്ക്കും പാതിയേ ഉണ്ടാവൂ. സങ്കടം തോന്നി അതിന്. ഒപ്പം ഒരു തുള്ളിപോലും പാഴാക്കാതെ മുഴുവൻ വെള്ളവും വയലിലെത്തിക്കുന്ന മറ്റേ കുടത്തിനോട് തെല്ല് അസൂയയും! എന്നിട്ടും ആ കർഷകൻ ചിന്നിയ കുടം ഉപേക്ഷിച്ചില്ല. ഒരു ദിവസം ചിന്നിയ കുടം കർഷകനോടു പറഞ്ഞു ''എന്നെ ഉപേക്ഷിച്ചേക്കൂ.... എനിക്കൊരിക്കലും നിങ്ങളാശിക്കുന്നത് ചെയ്യാനാവില്ല. ഞാനൊരു ചിന്നിയ കുടമാണ്.'' കർഷകൻ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. നീ ചിന്നിയ കുടമെന്നത് ശരിതന്നെ, പക്ഷേ നീ നിത്യവും വരുന്ന വഴിത്താരയൊന്നു നോക്കുക. ശരിയാണ് ചിന്നിയ കുടത്തിന്റെ വഴിയിൽ നിറയെ പൂക്കൾ. ഓരോ ദിനവും ഈ വഴിത്താര നനച്ചത് ഈ ചിന്നിയ കുടം തന്നെ! എന്നാൽ പൂർണ്ണ കുംഭത്തിന്റെ വഴിയിൽ ഒരു പുൽനാമ്പുപോലും കിളിർത്തിട്ടുണ്ടായിരുന്നില്ല.

പലപ്പോഴും ഇങ്ങനെയൊക്കെയാണ്. ഒന്നും നാം നിനയ്ക്കുന്നതു പോലെയാവില്ല സംഭവിക്കുക. നമ്മുടെ കരുതലുകൾക്കും ധാരണകൾക്കുമപ്പുറം നിയതി ഓരോന്നിനും അതിന്റെ കർമ്മപഥങ്ങൾ അടയാളപ്പെടുത്തുന്നുണ്ടാവും. ഇതിനിടയിൽ നൂറു മേനിയെന്നൊക്കെ ഹുങ്കു പറയാൻ ആർക്കാണു കഴിയുക? നല്ല നിലത്തുതന്നെ വീണ വിത്തിനെക്കുറിച്ചുള്ള ഖേദവും അതുതന്നെയാണല്ലോ. അവ വീണത് നല്ല നിലത്തു തന്നെ. പക്ഷേ വിളഞ്ഞത് നൂറും, അറുപതും, മുപ്പതു മേനി മാത്രം!

ശ്രദ്ധാപൂർവ്വം ശ്രവിക്കണമെന്ന ആഹ്വാനത്തോടെയാണ് വിതക്കാരന്റെ ഉപമ ആരംഭിക്കുന്നതും, അവസാനിപ്പിക്കുന്നതും! ഓരോ ഉപമയുടേയും ചിന്തോദ്ദീപക സ്വഭാവമിവിടെ വ്യക്തമാക്കപ്പെടുന്നുണ്ട്. അഗാധമായ ധ്യാനമുണ്ടെങ്കിലേ അർത്ഥം ഗ്രഹിക്കാനാവൂ എന്ന മുന്നറിയിപ്പാണത്. നിലം ഉഴുന്നതിനു മുമ്പ് വിത്ത് വിതയ്ക്കുന്ന പാലസ്തീനിലെ സാധാരണ സാഹചര്യമാണിവിടെ കാണുക. വഴിയരികിലും, മുള്ളുകൾക്കിടയിലും പാറപ്പുറത്തുമൊക്കെ വീണ വിത്തിനെ അതിന്റെ സ്വഭാവിക വിധിയ്ക്കു വിട്ടേക്കുക. വചനമെന്ന വിത്തിനെ വെറും ഉപരിപ്ലവവും കഥാത്മകവുമായ തലത്തിനപ്പുറമൊന്നും ഉൾക്കൊള്ളുവാൻ കഴിയാതിരുന്നതാണ്. അതിന്റെ ദുർഗതി എന്നൊരു സമാധാനവുമുണ്ട് നമുക്ക്. അല്ലെങ്കിൽ തന്നെ ഈ കാലത്തിന്റെ ഒരു വിപചയമതാണെന്നു തോന്നുന്നു. വചനമെന്ന വിത്തിനെകേവലം നമുക്കിണങ്ങിയ മട്ടിലൊക്കെ മാത്രം വ്യാഖ്യാനിക്കുക എന്നത്.!

നല്ല നിലത്തു വീണ വിത്തും വിളവ് തരുന്നത് എപ്പോഴും നൂറു മേനിയൊന്നുമല്ല. അറുപതും മുപ്പതും മേനി മാത്രമാണ്. എപ്പോഴും നിറയെ പൂക്കാൻ... ഇല്ല അത്രയൊക്കെയേ കഴിയൂ എന്നതാവാം. ഒരു പോറലോ, ചിന്നലോ പോലും ഏൽക്കാതെ എന്നും ഒരു പൂർണ്ണ കുംഭമായിത്തന്നെ കലി പിടിച്ച ഈ കാലത്തിന്റെ നടുമുറ്റത്ത് ജീവിച്ചുതീർക്കാൻ ആർക്കുമാവില്ല എന്ന സൂചനയുമാകാം. എല്ലാറ്റിനെയും അതിന്റെ കുറവുകളോടെ, ദൗർബല്യങ്ങളോടെ അതിന്റെ സഹജത ഒട്ടും ചോർന്നു പോകാത്തത്ര നൈർമ്മല്യത്തോട ചേർത്തു പിടിക്കാനാവുക! അതാണ് പ്രധാനം. നൂറുമേനിയെന്നതൊക്കെ നമ്മുടെ ഒരാഗ്രഹം മാത്രമാണെന്ന തിരിച്ചറിവ്. ആർക്കും അതിനാവതില്ല.! ആർക്കാണ് പൂർണ്ണരാകാനാവുക? ദൈവത്തിനൊഴികെ!... മുപ്പതോ, അറുപതോ, നൂറോ... എത്ര മേനി വിളഞ്ഞു എന്നുള്ളതല്ല ഉള്ളിലെ ജലരാശി നാം പിന്നിടുന്ന വഴിത്തരകളെക്കൂടി നനയ്ക്കുന്നുണ്ടോ എന്നതും ആ പച്ചപ്പിലെന്തെങ്കിലുമൊക്കെ പൂക്കുന്നുണ്ടോ എന്നതുമാണ് പ്രധാനം.

വിത്തിനെക്കുറിച്ചുള്ള ഉപമ മറ്റൊരു സൂചനകൂടി തരുന്നുണ്ട്. വിത്തിന് രണ്ടു സാദ്ധ്യതകളുണ്ടല്ലോ. എപ്പോഴും വിതച്ചു വിള കൊയ്യുക എന്നതും, യാത്രാവഴികളിൽ പാഥേയമായി തീരുക എന്നതും! ഇതിലേതാണ് നാം അനുദിനം ചെയ്തു കൂട്ടുന്നതെന്തെന്നു കൂടി ധ്യാനിക്കേണ്ടതുണ്ട്. ഒരാശ്രമത്തിൽ നിന്ന് രണ്ടു ശിഷ്യന്മാർ ഒരുമിച്ചാണ് പടിയിറങ്ങിയത്. രണ്ടുപേർക്കും ഗുരു സ്നേഹപൂർവ്വം ഓരോ പിടി ധാന്യമാണ് സമ്മാനമായി നൽകിയത്. യാത്രയുടെ ദീർഘപഥങ്ങളിൽ വിശപ്പു സഹിക്കവയ്യാതെ ഒരുവൻ ഗുരുവിന്റെ ദീർഘദൃഷ്ടിക്കു നന്ദി പറഞ്ഞ് കയ്യിലിരിക്കുന്ന ധാന്യം ചുട്ടുതിന്നു. മറ്റവനാകട്ടെ തന്റെ നാടെത്തും വരെ അതിനെചേർത്തു പിടിച്ചു. വഴിയ്ക്കു വിശക്കാഞ്ഞിട്ടല്ല. ഓരോ ധാന്യമണിയും ഓരോ വിത്താണെന്ന തിരിച്ചറിവു കൊണ്ട്.! അതെ അതും പ്രധാനമാണ്. സമകാലീന ലോകത്തെ അക്രമത്തിന്റേയും വിദ്വേഷത്തിന്റേയും, യുദ്ധത്തിന്റെയും., അനീതിയുടെയും, അഴിമതിയുടേയുമൊക്കെ സാമൂഹ്യ പരിസരങ്ങളിൽ ജീവിക്കേണ്ടിവരുന്ന നമ്മുടെ മുമ്പിലുണ്ടായിരുന്ന വെല്ലുവിളിയും ഇതൊക്കെതന്നെ.! കത്തിക്കാളുന്ന വിശപ്പിനെ ഉള്ളിലടക്കി ഒരു പിടി വിത്തെങ്കിലും വിതയ്ക്കാനാവുക എന്നത്... ദൈവമേ നമ്മെ ഏല്പ്പിച്ച വിത്ത്... അത് എന്റെ യാത്രാപഥങ്ങളിൽ എങ്ങനെയൊക്കെ, എവിടെയൊക്കെയാണ് ഞാൻ വിതയ്ക്കുക?... എന്നിട്ടു വേണമല്ലോ വിളവെടുപ്പിനെക്കുറിച്ചു ധ്യാനിക്കാൻ...!!! ☐

ശാസ്ത്രം

# ലഹരി യുവത്വം കവരുമ്പോൾ

**മേരിക്കുട്ടി ജോയി, സന്തുല**

ലോക രാജ്യങ്ങൾ ഇന്ത്യയെ വീക്ഷിച്ച് അസൂയയോടെ മൊഴിയുന്ന ഒരു പദമാണ് 'യുവാക്കളുടെ ഇന്ത്യ'. ലോകത്ത് ഏറ്റവും കൂടുതൽ യുവാക്കൾ വസിക്കുന്ന രാഷ്ട്രമായതിനാലാണ് ഈ ഒരു ഓമനപ്പേരിന് നാം അർഹരായത്. ഏത് രാഷ്ട്രത്തിന്റെയും ചിരകാല സ്വപ്നങ്ങൾ പൂവണിയണമെങ്കിൽ യുവാക്കളുടെ യുക്തിഭദ്രമായ ഇടപെടലുകൾ സമൂഹത്തിന് അത്യന്താപേക്ഷിതമാണ്. വിടപറഞ്ഞ മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം എപ്പോഴും സ്വപ്നം കാണാൻ നിർദ്ദേശിക്കാറുള്ള ഇന്ത്യൻ യുവാക്കളുടെ ചിരകാല സ്വപ്നങ്ങൾ ചിറകറ്റു വീഴുന്ന രംഗങ്ങളാണ് പത്ര, ദൃശ്യമാധ്യമങ്ങളിലൂടെ നമുക്ക് കാണേണ്ടി വരുന്നത്.

ഇന്നത്തെ യുവതലമുറ നേരിടുന്ന ഏറ്റവും വലിയ വിപത്തുകളിലൊന്നാണ് ലഹരിമരുന്നുകൾക്ക് അടിമകളാവുകയെന്നത്. മാതാപിതാക്കൾക്ക് താങ്ങും തണലുമാകേണ്ടവർ രാജ്യത്തിന്റെ അഭിമാനമായി വളരേണ്ടവർ സ്വയം നശിക്കുന്നു. നല്ല കൂട്ടുകെട്ട് നമ്മെ പുരോഗതിയിലേക്കും നല്ല ഭാവിയിലേക്കും നയിക്കും. ചീത്ത കൂട്ടുകെട്ട് അധഃപതനത്തിലേക്കും നാശത്തിലേക്കും വഴി നടത്തും. സൽസ്വഭാവികളല്ലാത്തവർ കൂട്ടുകൂടാൻ വന്നാൽ നാം വിവേകപൂർവ്വം വഴിമാറിപ്പോകണം.

സംസ്ഥാനത്തെ യുവാക്കളിൽ മദ്യപാനാസക്തിയും ലഹരി ഉപയോഗവും ഏറി വരുന്നു. അനധികൃത മദ്യവും ലഹരി ഉൽപന്നങ്ങളും വിറ്റഴിക്കുന്നത് ഭൂരിഭാഗവും നിശാക്ലബ്ബുകളിലും, കോളജുകളിലും വിനോദ സഞ്ചാരകേന്ദ്രങ്ങളിലും ഹൗസ് ബോട്ടുകളിലുമാണ്. മക്കളെ കേൾക്കാനോ ശ്രദ്ധിക്കാനോ അവരോടൊപ്പം സമയം ചെലവഴിക്കാനോ അവരുടെ മൃദുലവികാരങ്ങൾക്കൊപ്പം നിൽക്കാനോ മാതാപിതാക്കളെ ലഭിക്കാതെ ആയപ്പോഴും ഒറ്റപ്പെടലിന്റെ വേദന അകറ്റുവാനും പണക്കൊഴുപ്പിൽ ആർത്തുല്ലസിക്കുവാൻ സന്ദർഭം ലഭിക്കുമ്പോഴും യുവാക്കൾ ലഹരി തേടിപ്പോകുമെന്നാണ് മനഃശാസ്ത്രജ്ഞർ വിലയിരുത്തുന്നത്.

ഓപ്പിയം, ഹെറോയിൻ, എൽ.എസ്.ഡി, മരീജുവാന, ഹാഷിഷ്, കൊക്കെയ്ൻ, ആഫിറ്റാമിൻ, കെറ്റാമിൻ, മെസ്കാലൈൻ, സൈലോസിബിൻ ഇങ്ങനെപോകുന്നു ന്യൂജെനറേഷൻ ലഹരി മരുന്നുകൾ. മാനസിക പിരിമുറുക്കങ്ങൾ കുറയ്ക്കുന്നതിനും സമ്മർദ്ദങ്ങൾക്ക് അയവുണ്ടാകുന്നതിനും, ഉറക്കമില്ലായ്മയ്ക്ക് പരിഹാരമായും മദ്യപാനം ശീലിക്കുന്നവരുണ്ട്. ഉദ്ദേശിക്കുന്ന ലക്ഷ്യം ഉണ്ടാകില്ലെന്നു മാത്രമല്ല നേരെ വിപരീത ഫലമാണുണ്ടാവുക.

ലഹരിയിൽ വാഹനം ഓടിക്കുന്നത് വാഹനാപകടങ്ങൾക്ക് കാരണമാകുന്നു. സ്ത്രീകളെ ഒറ്റക്കും കൂട്ടമായും ഉപദ്രവിക്കുക, കൂട്ടബലാത്സംഗം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ലൈംഗികാതിക്രമങ്ങൾക്ക് വിധേയമാക്കുക, സ്വന്തം കുട്ടികളെ ലൈംഗികാതിക്രമങ്ങൾക്ക് വിധേയമാക്കുക, പണത്തിന് വേണ്ടിയുള്ള കൊലപാതകങ്ങൾ, ലൈംഗിക രോഗങ്ങളുടെ വർദ്ധന എന്നിവയ്ക്കെല്ലാം ഉത്തരവാദികളായി പിടിക്കപ്പെടുന്നവരിൽ ഭൂരിഭാഗവും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരാണ്.

ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും നാഷണൽ ഡ്രഗ് ഡിപ്പൻഡന്റ്സ് ട്രീറ്റ്മെന്റ് സെന്ററും സംയുക്തമായി നടത്തിയ പഠനത്തിൽ കണ്ടത് കേരളത്തിലെ 74 ശതമാനം ആൺകുട്ടികളും പുകവലിക്കാരാണ് എന്നതാണ്. ഭാരതത്തിൽ 20-34 നും ഇടയിൽ പ്രായമുള്ളവരിലാണ് ഏറ്റവും കൂടുതൽ മദ്യപാനാസക്തിയുള്ളത് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിലുള്ളുവെങ്കിലും മദ്യവിൽപനയുടെ 16% ശതമാനത്തിലധികം ഇവിടെയാണ്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. അതുപോലെ തന്നെ കൊണ്ടുനടക്കാനും സൂക്ഷിക്കാനുമുള്ള സൗകര്യം, മദ്യത്തെപ്പോലെ ഗന്ധമില്ലായ്മ, ഇത് ഉപയോഗിക്കുന്നവരെ പെട്ടെന്ന് തിരിച്ചറിയാനും പിടികൂടാനുമുള്ള പ്രയാസം എന്നിവ ആളുകളെ കൂടുതൽ മയക്കുമരുന്നുകളിലേക്ക് എത്തിക്കുന്നു.

ബ്രൗൺ ഷുഗർ, ചരസ്, ഗുളിക രൂപത്തിലുള്ള മരുന്നുകൾ, ഇൻഹേലറുകൾ തുടങ്ങിയവയുടെയെല്ലാം ഉപയോഗം പുതിയ തലമുറയിൽ കൂടുതലാണ്. മദ്യത്തിന് ഒരു വ്യക്തി അടിമയാകണമെങ്കിൽ ശരാശരി 10 വർഷമെങ്കിലം തുടർച്ചയായി മദ്യം ഉപയോഗിക്കണം. എന്നാൽ ഒരു മാസക്കാലം മയക്കുമരുന്നുകൾ ഉപയോഗിച്ചാൽ തന്നെ

ആ വ്യക്തി അതിന് അടിമയായി തീരാനുള്ള സാധ്യത വളരെ കൂടുതലാണ്.

വിദ്യാർത്ഥികളിലെ മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ അവരെ പല തെറ്റുകളിലേക്കും നയിക്കുന്നു. ഇതു കുട്ടികളിൽ അക്രമവാസന സൃഷ്ടിക്കുന്നു. ഇത്തരം ഉൽപന്നങ്ങൾ വാങ്ങുന്നതിനായി കുട്ടികൾ മോഷണമടക്കമുള്ള തിന്മകളിൽ പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. വീട്ടിൽ നിന്ന് പണം കിട്ടിയില്ലെങ്കിൽ ലഹരി വാങ്ങാൻ ഏതു മാർഗവും അവർ സ്വീകരിക്കും. വീട്ടിൽ മാതാപിതാക്കൾ തമ്മിലുള്ള സംഭാഷണം കുറയുന്നതുവരെ കുട്ടികളെ ബാധിക്കുമെന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മനഃശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. കുട്ടികളോടു സംസാരിക്കാതിരിക്കുന്നതും അവർക്കു പറയാൻ അവസരം നൽകാതിരിക്കുന്നതും അവരെ മാനസികമായി മാതാപിതാക്കളിൽ നിന്ന് അകറ്റും. മാതാപിതാക്കൾ തമ്മിലുള്ള കലഹവും ഇവരിലാരുടെയെങ്കിലും വഴിപിഴച്ച ജീവിതവും കുട്ടികളെ ലഹരിയിലേക്കും മറ്റ് അനാവശ്യ കൂട്ടുകെട്ടിലേക്കും തള്ളിവിടും.

**ലഹരി ഉപയോഗം: ആദ്യഘട്ട ലക്ഷണങ്ങൾ**

അലക്ഷ്യമായ വസ്ത്രധാരണം, അന്തർമുഖത്വം, കണ്ണിൽ ചുവപ്പു നിറം.

ചെറിയ കാര്യങ്ങളിലും പ്രകോപിതനായി വഴക്കുണ്ടാക്കുക, രാത്രി പുറത്തിറങ്ങാനുള്ള പ്രവണത, ഭക്ഷണത്തോടു താല്പര്യക്കുറവ്.

ആരോടും അധികം സംസാരിക്കാതെ മുറി അടച്ചിട്ടിരിക്കുക, പെട്ടന്നു ദേഷ്യംവരിക, മറ്റുള്ളവരെ ശാരീരികമായി വേദനിപ്പിക്കാനുള്ള മനസ്സ്.

ദീർഘകാലം കഴിയുന്നതോടെ ഓർമ്മക്കുറവ്, വരൾച്ച, ആകാംക്ഷ, ഉയർന്ന ഹൃദയമിടിപ്പ്, അമിതആർത്തി എന്നിവ പ്രകടമാകും.

**മാതാപിതാക്കൾക്കും പങ്ക്**

കുട്ടികൾക്ക് അനാവശ്യമായി പണം നൽകരുത്, മറ്റെവിടുന്നെങ്കിലും പണം ലഭിക്കുന്നുണ്ടോയെന്നു അന്വേഷിക്കണം. മൊബൈൽ ഫോൺ, ലാപ്ടോപ് തുടങ്ങി വിലപിടിപ്പുള്ള വസ്തുക്കൾ വീട്ടിൽ കൊണ്ടുവന്നാൽ എവിടെ നിന്നാണെന്നു അന്വേഷിക്കുക.

മക്കളുടെ മുറി, ബാഗ്, യൂണിഫോം എന്നിവ പരിശോധിക്കുക. മാതാപിതാക്കൾ അറിയേണ്ടാത്ത ഒരു സ്വകാര്യതയും മക്കളുടെ ജീവിതത്തിൽ ഇല്ലെന്നു ഓർക്കുക.

മക്കളുടെ നല്ല സുഹൃത്ത് ആകാൻ ശ്രമിക്കണം. സ്കൂളിലെയും സുഹൃത്തുക്കളുടെയും വിശേഷങ്ങൾ അവരോടും പങ്ക് വയ്ക്കാം.

സ്കൂളിൽ മാസത്തിൽ ഒരു തവണയെങ്കിലുമെത്തി അധ്യാപകരോട് കുട്ടിയെക്കുറിച്ച് അന്വേഷിക്കുക. അധ്യാപകന്റെ മൊബൈൽ നമ്പർ ശേഖരിച്ച് വിളിച്ചും അന്വേഷിക്കാം.

കുട്ടിയുടെ കൂട്ടുകാരുടെ രക്ഷിതാക്കളെയും പരിചയപ്പെടാം. പക്ഷെ അച്ഛനും അമ്മയ്ക്കും തന്നെ വിശ്വാസമില്ലാത്ത തോന്നൽ അവനിലുണ്ടാക്കുന്ന രീതിയിലാകരുത് പ്രവൃത്തി.

അസ്വാഭാവികമായ പെരുമാറ്റം ശ്രദ്ധയിൽപ്പെട്ടാൽ കൗൺസലറുടെ സഹായം തേടണം.

കുട്ടികൾക്കു മുന്നിൽ മദ്യപിച്ചെത്തുകയോ ലഹരി ഉപയോഗിക്കുകയോ ചെയ്യരുത്. അവർ അത് അനുകരിച്ച് തുടങ്ങും.

**ലഹരിയുടെ ദോഷങ്ങൾ**

- ഹൈപോതലാമസിനെ ബാധിക്കുമെന്നതിനാൽ ഓർമ്മ, ചിന്ത, സ്വബോധം എന്നിവ നഷ്ടമാകുന്നു. അടുത്തു നടന്ന സംഭവങ്ങൾ പോലും മറന്നു പോകുന്നു.
- ബ്രെയിൻ സ്റ്റെം തകരാറിലാക്കുന്നതിനാൽ ഹൃദയമിടിപ്പ് കൂടുന്നു. രക്തസമ്മർദ്ദം കുറയുന്നു. വേദന അറിയാനുള്ള കഴിവ് നഷ്ടമാകുന്നു. പേശികൾ ചലിപ്പിക്കുന്നത് വികലമാകുന്നു.
- സെറിബല്ലത്തെ ബാധിക്കുമെന്നതിനാൽ പേശികളുടെ ചലനം നഷ്ടമാകുന്നു.
- കടുത്ത ആകാംക്ഷ, ഭയം, സംശയം, ശ്രദ്ധയില്ലായ്മ എന്നിവയ്ക്കു അടിമപ്പെടുന്നു.
- കായിക, കലാ പഠനകഴിവുകൾ നഷ്ടമാകുന്നു.
- പെരുമാറ്റത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം, ദേഷ്യം, വിശപ്പില്ലായ്മ, ഉറക്കകുറവ്, പരീക്ഷയിൽ നന്നേ മാർക്കു കുറയുക, പഠനത്തിൽ ശ്രദ്ധയില്ലായ്മ എന്നിവയെല്ലാം ലഹരി ഉപയോഗിക്കുന്ന കുട്ടികളിൽ കണ്ടുവരുന്നു.
- ലഹരിമരുന്നു കുത്തിവയ്ക്കുന്നതിലൂടെ വൈറസ് ബാധിതർ ഉപയോഗിക്കുന്ന സിറിഞ്ചിൽ നിന്ന് എച്ച്.ഐ.വി, ഹെപ്പറ്റൈറ്റിസ് എന്നിവ പകരാനുള്ള സാധ്യത കൂടുതലാണ്.
- അധ്യാപകർ കുട്ടികളെ നിരീക്ഷിക്കണം
- പെട്ടെന്നു പഠനത്തിൽ പിന്നാക്കം പോകുന്ന കുട്ടികളെ നിരീക്ഷിക്കുക.
- സ്ഥിരമായി ക്ലാസിലെത്താതിരിക്കുക, വൈകി വരുക, നേരത്തെ

പോകുക എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ മാതാപിതാളെ അറിയിക്കുന്നതിനൊപ്പം കുട്ടിയെ നിരീക്ഷിക്കുകയും ചെയ്യുക.

- സ്കൂളിൽ ലഹരി വിമുക്തക്ലബ്ബുകൾ രൂപീകരിക്കുക. സ്കൂളിനു സമീപം പുകയില ഉൽപന്നങ്ങളോ മറ്റോ വിൽപന നടക്കുന്നുവെന്നറിഞ്ഞാൽ പോലീസിനെ അറിയിക്കുക
- ക്ലാസിൽ കിറുങ്ങിയും ഒട്ടും ശ്രദ്ധയില്ലാതെയും ഇരിക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിക്കുക. അവരുടെ കൂട്ടുകാരിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കുക.
- കുട്ടികൾ ഒപ്പമുള്ളവരെ ദേഹോപദ്രവം ചെയ്യുന്നുണ്ടെങ്കിൽ ശ്രദ്ധ വേണം.
- പെരുമാറ്റത്തിൽ അസ്വഭാവികത കണ്ടെത്തിയാൽ കൗൺസലിങ്ങിനു വിധേയമാക്കുക.

വിദ്യാസമ്പന്നരായ യുവജനങ്ങളാണ് ഇന്ത്യയുടെ വികസനത്തിന് മൂലക്കല്ല് എന്ന് വർഷങ്ങൾക്കു മുമ്പുതന്നെ അന്നത്തെ പ്രധാനമന്ത്രി മൻമോഹൻസിങ് പാർലമെന്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇന്ന് ജനസംഖ്യ നമുക്കൊരു ഭാരമല്ല മറിച്ച് സമ്പത്താണ്. പ്രിയ ജനങ്ങളെ, നാം ഉണരേണ്ട സമയമായിരിക്കുന്നു. മദ്യത്തിലും മയക്കുമരുന്നിലും ജീവിതം കണ്ടെത്തുന്ന നമ്മുടെ യുവജനങ്ങളെ രക്ഷിക്കേണ്ട ഉത്തരവാദിത്തം ഈ രാജ്യത്തിന്റെ ശോഭനമായ ഭാവിയും പുരോഗതിയും സ്വപ്നം കാണുന്ന യുവാക്കളായ നമ്മളിൽ തന്നെയാണ്. മനസ്സിനും ശരീരത്തിനും ആരോഗ്യമുള്ള ഒരു ജനതയെയാണ്, കരുത്തരായ അദ്ധ്വാനശീലരായ യുവാക്കളുള്ള ഒരിന്ത്യയാണ് നമുക്ക് വേണ്ടത്. അതിനുള്ള പരിശ്രമത്തിൽ നമുക്കൊന്നിച്ച് കൈകോർത്ത് മുന്നേറാം. □

**നിഗൂഢമന്ത്രം**

# ദൈവം ഉണ്ടോ?
## (Does God Exist?)

**സ്വാമി ചൈതന്യ കീർത്തി**

നൂറ്റാണ്ടുകളായി അധികം ശാസ്ത്രജ്ഞരും ഈശ്വരാസ്തിത്വത്തെ സംശയിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നവരാണ്. ഈയിടെ അന്തരിച്ച പ്രശസ്ത ഊർജ്ജതന്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങിന്റെ പേരിലുള്ള ഒടുവിലത്തെ ഗ്രന്ഥമാണ് 'വലിയ ചോദ്യങ്ങൾക്ക് കൊച്ചുമറുപടികൾ' (Brief answrs to the big questions). അതിൽ അദ്ദേഹം ദൈവം മിഥ്യയാണെന്നും, ആരും പ്രപഞ്ചത്തെ നിയന്ത്രിക്കുന്നില്ലായെന്നും പറയുന്നു. അദ്ദേഹം തുടരുന്നു, "എന്നെപ്പോലെ കാലാകാലങ്ങളായി ഏതെങ്കിലും വൈകല്യങ്ങൾ അനുഭവിച്ചു വന്നിട്ടുള്ളവരെല്ലാം ഈശ്വരശാപത്തിന് വിധേയപ്പെട്ടവരാണെന്നാണ് ജനം വിശ്വസിച്ചുവന്നത്. എന്നാൽ ഇതൊക്കെ പ്രകൃതിനിയമങ്ങൾ (laws of nature) അനുസരിച്ച് വിശദീകരിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്."

ചില ചിരകാല ചോദ്യങ്ങൾക്കുള്ള മറുപടി എന്ന നിലയിൽ ഹോക്കിങിന്റെ മേൽപ്പറഞ്ഞ പ്രസ്താവനകൾ കേവലം യുക്തിപരവും ബുദ്ധിപരവുമാണ്. മനഃസാക്ഷിയുടെ വ്യക്തിഗത (subjective) അനുഭവങ്ങളുടെയോ ബോദ്ധ്യങ്ങളുടെയോ അടിസ്ഥാനത്തിലുള്ളവയല്ല. കാരണം, ദൈവവും ദൈവീകതയും പദാർത്ഥങ്ങളെന്ന പോലെ പരീക്ഷണശാലയിൽ പരിശോധിക്കപ്പെടാവുന്നതല്ല. ശാസ്ത്രത്തിന് വസ്തുക്കളെ, പദാർത്ഥങ്ങളെന്ന നിലയിൽ പരിശോധിച്ച് നിഗമനങ്ങളിലും നിയമങ്ങളിലുമെത്താനാവും. എന്നാൽ അതിന് ജീവവസ്തുക്കളെ ഇതേവിധം ചെയ്യാനാവില്ല. ഈ രീതി ആത്മാവിന്റെ (spirit) കാര്യത്തിലും അവലംബിച്ചുകൂടാ. ഇവിടെ ആത്മാവ് എന്നത് ആത്മീയ പ്രതിഭാസ (spiritual phenomenon) മല്ല. മറിച്ച് ഹാക്കിംഗ് ഉൾപ്പെടെ എല്ലാ മനുഷ്യരിലും ജീവവസ്തുക്കളിലും വാഴുന്ന, സ്പന്ദിക്കുന്ന സവിശേഷതയാണ്. ഈ അനുഭവവും ബോദ്ധ്യവുമാണ് ദൈവീകത (Godliness). ഈ ദൈവികത ആരെയും ശപിക്കുന്നതല്ല. പിന്നെയോ, എല്ലാവർക്കും അനുഗ്രഹമാണ്. അതു സംബന്ധിച്ച ബോധ്യം മനുഷ്യന് ഒരു നിർവൃതിയാണ്, സായൂജ്യമാണ്. ദൈവം ശാപമോ, വൈരൂപ്യമോ, ആരിലും വരുത്തിവയ്ക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നേയില്ല. വൈകല്യങ്ങൾ പ്രകൃത്യാ സംഭവിക്കുന്നതാണ്. അതിന് അതിന്റേതായ ശാസ്ത്രീയ കാരണവുമുണ്ടാകും. ഒരേ മരത്തിൽ തന്നെ നല്ലതും കേടുള്ളതുമായ ഫലങ്ങൾ ഉണ്ടാകുന്നതുപോലെ. നാമെല്ലാം ഒരേ അസ്തിത്വത്തിൽ നിന്ന് ഉദ്ഭൂതമാകുന്നു. രാമനും രാവണനും, കൃഷ്ണനും കംസനും, ബുദ്ധനും അംഗുലിമാലും, ക്രിസ്തുവും യൂദാസും. ഇത് ഒരേ ജീവന്റെ/ഊർജ്ജത്തിന്റെ നാനാവിധത്തിലുള്ള പ്രതിഭാസവും പ്രദർശനവുമാണ്. ഒന്നും നല്ലതെന്നോ ചീത്തയെന്നോ പറയേണ്ടതില്ല. എല്ലാ മാനങ്ങളും ആശയങ്ങളും

# വിശുദ്ധ റൊമേരോ: നിലപാടുകളുടെ വിശുദ്ധൻ

**ഫാ. മേരിദാസ് സ്റ്റീഫൻ**

**പ**ട്ടാളഭരണകൂടത്തിന്റെ നയങ്ങൾക്ക് എതിരെ ധീരമായ നിലപാടുകൾ എടുത്ത് രക്തസാക്ഷിയായി ത്തീർന്ന ആർച്ച് ബിഷപ്പ് ഓസ്ക്കാർ റൊമേരോയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയിരിക്കുകയാണ്. എൽ സാൽവദോറിലെ ആർച്ച് ബിഷപ്പ് ആയിരിക്കെ പട്ടാളഭരണകൂടത്തിന്റെ നേതൃത്വത്തിൽ രാജ്യത്ത് നട മാടിയിരുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾക്ക് എതി രെ ശക്തമായി പ്രതികരിച്ചതിനാണ് വി. കുർബ്ബാന മദ്ധ്യേ പട്ടാളം അദ്ദേഹത്തെ വെടിവച്ച് കൊന്നത്. ക്രിസ്ത്യാനികൾക്ക് മനുഷ്യാവകാശ പോരാട്ടങ്ങളുടെ മുൻനിരക്കാരാവാൻ ബാദ്ധ്യതയുണ്ടെന്ന് സ്വന്തം ജീവിതം കൊണ്ട് കാണിച്ചുതന്ന ശക്തമായ അടയാ ളമാണ് ബിഷപ്പ് റൊമേരോ. കഴിഞ്ഞ നൂറ്റാണ്ടിലെ മനുഷ്യാവകാശ പോരാളികൾക്ക് വലിയ ഊർജം പകർന്ന ഈ വിശുദ്ധൻ അസ്തമിക്കാതെ തുടർന്നും ചരിത്രത്തിൽ നിലനിൽക്കും എന്നത് തന്നെയാണ് വിശുദ്ധ പദവിയിലേക്കുള്ള അദ്ദേഹത്തിന്റെ ആരോ ഹണം കാണിക്കുന്നത്.

ലാറ്റിൻ അമേരിക്കൻ രാജ്യമായ എൽസാവോദ റിൽ അടിച്ചമർത്തൽ ഭരണത്തിലൂടെ പട്ടിണിയും തൊഴിലില്ലായ്മയും വർദ്ധിച്ചുവന്ന പശ്ചാത്തലത്തിൽ ഭരണകൂടനിലപാടുകളെ പരസ്യമായി ചോദ്യം ചെയ്യാതെ വിമോചനം സാദ്ധ്യമല്ല എന്ന തിരിച്ചറി വിലാണ് പട്ടാളഭരണത്തിനെതിരെ തുറന്ന പോരിന് അദ്ദേഹം ഇറങ്ങുന്നത്. അടിച്ചമർത്തൽ ഭരണം നട ത്തിവന്ന ഭരണകൂടത്തിന് അമേരിക്കയുടെ പിന്തുണ ഉണ്ടായിരുന്നു. അമേരിക്കൻ ഗവണ്മെന്റിന്റെ നടപടി കൾ മനുഷ്യത്വ രഹിതമാണ് എന്ന് ചൂണ്ടിക്കാട്ടി റൊമേരോ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടർക്ക് എതിരെ പരസ്യമായി രംഗത്ത് വന്നത് രാഷ്ട്രീയ നിരീക്ഷകരെപ്പോലും അമ്പരിപ്പിച്ച സംഭ വമായിരുന്നു.

ക്രിസ്തീയ ഭൂരിപക്ഷ രാജ്യമായിരുന്നെങ്കിലും 1970 കളുടെ മദ്ധ്യകാലമായപ്പോഴേക്കും എൽസാൽവ ദോറിൽ സൈന്യത്തിന്റെ പിന്തുണയോടെയുള്ള ഭര ണമായിരുന്നു. അവകാശങ്ങൾ ചോദിക്കുന്നവർക്ക്

---

ഉൾക്കൊള്ളുന്ന ശക്തിവിശേഷം. അസ്തിത്വം അതിന്റെ അന്തഃസത്തയിൽ അദ്വൈതമാണ്, അഥവാ ഏകത്വ (non-duality) മാണ്.

ഉപനിഷത്തുകളെക്കുറിച്ചുള്ള തന്റെ പ്രഭാഷണ ങ്ങളിൽ ഓശോ (Osho) പറയുന്നു. ഈശ്വരൻ അസ്തിത്വം/നിലനിൽപ് (existence) ആണ്. നില നിൽക്കുന്നത് (that which exists) അല്ല. അത് അസ്തി ത്വത്തിന് പര്യായമാണ്. ദൈവം ഉണ്ട് എന്നു പറയു ന്നത് വാസ്തവത്തിൽ ആവർത്തിക്കലാണ്. ദൈവം എന്നതിന്റെ അർത്ഥം 'ആകുന്നു' (is) എന്നാണ്. 'ദൈവം ഉണ്ട്' എന്നു പറയുന്നത് നല്ല ഭാഷാപ്രയോ ഗമല്ല. 'ദൈവം ആകുന്നു' എന്നാണ് വേണ്ടത്. കാരണം ആയിരിക്കൽ (being) തന്നെയാണ് ദൈവം. ദൈവത്തിന്റെ അർത്ഥം തന്നെ 'ആകുന്നു' എന്നതാ ണല്ലോ. ദൈവം ഉണ്ട് എന്നതു തെറ്റാണ്. ദൈവം തന്നെ 'ആയിരിക്കൽ' അഥവാ ഉണ്ടായിരിക്കൽ ആണ്. ദൈവം 'positive' ആണ് 'negative' അല്ല. ദൈവം ഒരു വ്യക്തി (person) അല്ല. ദൈവത്തെ വ്യക്തിയായി കാണുന്നത് ഏറ്റവും വലിയ തെറ്റുധാര ണകളിൽ (mis-understandings) ഒന്നാണ്. ദൈവം വ്യക്തിയാണെന്നു തോന്നിക്കത്തക്കവിധം സഹസ്രാ ബ്ദങ്ങളായി ആരാധനാസമൂഹത്തിൽ പ്രചരിപ്പിക്ക പ്പെട്ടുവരുന്നു. നിരന്തരം ആവർത്തിക്കപ്പെട്ടാൽ നുണ പോലും സത്യമായി തോന്നാവുന്നതാണല്ലോ.

നമുക്ക് ഈശ്വരനെ ആളത്തപരമായ ആശയ ത്തിൽ നിന്നു സ്വതന്ത്രനാക്കാം.

ഓശോ ഉപസംഹരിക്കുന്നു. ദൈവം അർത്ഥമാ ക്കുന്നത് ദൈവീകത (godliness) ആണ്. ദൈവത്തെ ഒരു വ്യക്തിയായി കാണാൻ കഴിയാത്തതിനാലാണ് ബുദ്ധൻ ദൈവത്തെക്കുറിച്ച് ഒന്നും പറയാത്തത്. ദൈവം സ്നേഹം പോലെ ഒരു 'ഗുണം' അഥവാ 'അനുഭവ'മാണെന്നാണ് അദ്ദേഹം ദൃഢമായി വിശ്വ സിച്ചത്. സ്നേഹത്തോട് നിങ്ങൾക്ക് സംസാരിക്കാ നാവില്ല. എന്നാൽ നിങ്ങൾക്ക് സ്നേഹമായി ജീവി ക്കാം. നിങ്ങൾ സ്നേഹത്തിന് അമ്പലം പണിയേണ്ട തില്ല. ബിംബം നിർമ്മിച്ച് അതിനെ വണങ്ങേണ്ടതു മില്ല.

എന്നാൽ സ്നേഹമയനായ ദൈവത്തിന് ആലയം പണിത് ബിംബമുണ്ടാക്കി വന്ദിക്കുകയും അതിനു മുമ്പിൽ ആവശ്യങ്ങളു ആകുലതകളും സമർപ്പിക്കുകയുമാണ് ചരിത്രാതീതകാലം മുതൽ ജനം ചെയ്തുവരുന്നത്.

*(ഡെക്കാൺ ക്രോണിക്കിളിനോട് കടപ്പാട്)*

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2016-2018

Date of Publication 15-11-2018
Price Rs. 10/-

Licence No. KL/CR/ALU/WPP-04/2016-18
Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

നേരെ പട്ടാളത്തിന്റെ തോക്കുകളാണ് മറുപടി പറഞ്ഞത്. രാജ്യത്ത് നടമാടിയിരുന്ന അനീതിക്കും അക്രമത്തിനും മനുഷ്യാവകാശലംഘനങ്ങൾക്കുമെതിരെ റൊമേരോ ഞായറാഴ്ചകളിൽ നടത്തിയിരുന്ന പ്രസംഗങ്ങൾ ജനകീയമായ ശ്രദ്ധ പിടിച്ചുപറ്റി. ഓരോ ആഴ്ചയിലും രാജ്യത്ത് അരങ്ങേറുന്ന മനുഷ്യാവകാശ ലംഘനങ്ങളും നീതി നിഷേധങ്ങളുമാണ് പ്രസംഗ വിഷയമായി മാറിയത്. അത് റേഡിയോയിലൂടെ രാജ്യത്ത് എല്ലായിടത്തും എത്തിച്ചു. പട്ടാളം റേഡിയോ നിലയം തകർത്തെങ്കിലും അത് പുനർനിർമ്മിച്ച് റേഡിയോ പ്രക്ഷേപണം തുടർന്നു. പട്ടാളത്തിന് എതിരെയുള്ള റൊമേരോയുടെ നിലപാട് ജീവന് ഭീഷണി ആണ് എന്ന് അറിയിച്ചെങ്കിലും ആടുകളെ ചെന്നായ്ക്കൾ കൊല്ലുമ്പോൾ ഇടയനു മാത്രമായി എന്തിനാണ് പ്രത്യേക സംരക്ഷണം എന്ന ചോദ്യമാണ് അദ്ദേഹം തിരിച്ച് ചോദിച്ചത്.

ക്രിസ്തുവിന്റെ വഴികളിൽ നിന്ന് മാറി നടക്കുന്ന ഒരു പ്രവൃത്തിക്കും താൻ ഉണ്ടാവില്ലെന്നത് അദ്ദേഹം തന്റെ പ്രസംഗത്തിൽ ആവർത്തിച്ച് വ്യക്തമാക്കി. 1980 മാർച്ച് 23 ന് ഗവണ്മെന്റിന്റെ മനുഷ്യത്വരഹിതമായ നടപടികൾക്ക് എതിരെ റൊമേരോ ശക്തമായി രംഗത്ത് വന്നു. “നിസഹായരുടെ നിലവിളികൾ ദൈവസന്നിധിയിൽ മുഴങ്ങുകയാണ്. അവരുടെ പേരിൽ നിങ്ങളോട് യാചിക്കുകയും ദൈവനാമത്തിൽ നിങ്ങളോട് കല്പിക്കുകയും ചെയ്യുന്നു. അടിച്ചമർത്തൽ അവസാനിപ്പിക്കൂ”. സൈന്യത്തെ ഏറെ പ്രകോപിപ്പിച്ച ഒന്നായിരുന്നു ആ വാക്കുകൾ. പിറ്റേന്ന് വിശുദ്ധ കുർബ്ബാനമദ്ധ്യേ ആർച്ച് ബിഷപ്പ് റൊമേരോയുടെ നെഞ്ചിലേക്ക് വെടിയുതിർത്ത് സൈന്യം പകരം വീട്ടി.

മനുഷ്യാവകാശ ലംഘനങ്ങൾ ഏത് ഭാഗത്ത് നിന്ന് ഉണ്ടായാലും അതിനെപരസ്യമായി നിലപാട് എടുത്ത് ചോദ്യം ചെയ്യേണ്ടത് ക്രിസ്തീയമായ ബാധ്യതയാണ് എന്ന് ജീവിതം കൊണ്ട് പഠിപ്പിച്ച വിശുദ്ധനാണ് റൊമേരോ. വിശുദ്ധരുടെ നിരകളിലേക്ക് റൊമേരോയെ ഉയർത്തിയ കത്തോലിക്കാ സഭയുടെ പ്രഖ്യാപനം രാജ്യത്തെ ഇതരസഭകൾക്കും മാതൃകയാകണം. വിശുദ്ധിയെക്കുറിച്ച് നിലനിൽക്കുന്ന കല്പിതമായ മാനദണ്ഡങ്ങളുടെ പൊളിച്ചെഴുത്താണ് ഇതിലൂടെ നടത്തിയിരിക്കുന്നത്. വിശുദ്ധ ഫ്രാൻസീസ് മാർപ്പാപ്പയുടെ ഈ പ്രഖ്യാപനം ഇപ്പോഴുള്ളതും ഇനി വരാനിരിക്കുന്നതുമായ മനുഷ്യാവകാശപ്പോരാളികൾക്ക് പ്രചോദനമാകും നിശ്ചയം.


## SANTHULA TRUST HOSPITAL

**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**



*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and ‘Pakal Veedu’
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)


## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 1 വർഷത്തേക്ക് | – 100 രൂ. |
| ആയുഷ്ക്കാലം | – 1000 രൂ. |
| വിദേശത്ത് | – 6000 രൂ. |

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop’s House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha